# ചിത്രോദയം

മലയാള പുരോഗമന വാരിക

## വിഷയവിവരം.

| | | |
|---|---|---|
| കൊഞ്ചുന്ന കവിഹൃദയം— | ഒളപ്പമണ്ണ | 3 |
| നാസ്തികൻ— | ജോർജ്ജ് പള്ളിപ്പുറമ്പൻ | 3 |
| കാഹളം— | വള്ളംകുളം പി. ജി. പിള്ള | 3 |
| ദേമാണ്ടി— | പി. കെ. കുരുവിള ബി. ഏ. | 4 |
| സാഹിത്യപ്രസ്ഥാനങ്ങൾ— | വക്കം അബ്ദുൽഖാദർ | 5 |
| സ്റ്റെർലിങ്ങ് കടങ്ങൾ— | വി. ടി. ഇന്ദുചൂഡമേനോൻ ബി. എസ്. സി. | 8 |
| ഗ്രന്ഥവിഹാരം— | സി. ജെ. തോമസ് | 11 |
| ഗ്രന്ഥവിഹാരം— | പൊൻകുന്നം വർക്കി | 12 |
| പതിമൂന്നാംപേജ്— | ബാലൻ | 13 |
| പൊന്നപ്പൻ—(ചെറുകഥ) | സുമതി | 15 |
| സാഹിത്യരംഗം— | എസ്. ഗുപ്തൻനായർ എം. എ | 17 |
| എന്റെ ജീവിതം— | ചിത്രഭാനു നമ്പൂതിരിപ്പാട് | 18 |
| ഉന്മത്തൻ—(ചെറുകഥ) | മുട്ടമ്പലം കെ. കെ. | 19 |

**Dec: 30, 1945**

**XXV (20)**

വില 2 ണ.

# നിങ്ങളുടെ ഭാവി

ഒരു പുതുവർഷം നിങ്ങളോടു വളരെ സമീപിച്ചിരിക്കുന്നു. **1946**-ൽ നിങ്ങൾക്കു സംഭവിക്കാനിരിക്കുന്ന ശുഭാശുഭങ്ങളെപ്പററി നേരത്തെ അറിഞ്ഞിരിക്കേണ്ടതു് എത്രയും അത്യാവശ്യമാണു്. വ്യവസായാഭിവൃദ്ധി, ദൂരയാത്ര, ഉദ്യോഗലാഭം, വിവാഹം, പുത്രലാഭം ആദിയായവയെപ്പററി ശരിയായി ഫലം അറിയുന്നതിനു ൩ ക. മാത്രം. ഭാവിയെപ്പററിയുള്ള അഞ്ചു ചോദ്യങ്ങൾക്കുത്തരം ൨ ക.

മാനേജർ, ജൂപ്പിററർ ജോതിഷനിലയം,

കോട്ടയം, തിരുവിതാംകൂർ

---

# ഭ ദ്രാ രു തൈ ലം

വാതരോഗങ്ങൾക്കു കൈകണ്ട മരുന്നു്. തരിപ്പു്, തരിപ്പു്, വെട്ടൽ, സ്തംഭനം, നീർക്കെട്ടു് മുതലായവയെ ഉടനെ ശമിപ്പിക്കുന്നു.

൨ ഔൺസ് കുപ്പി ൧-ക്കു ൨ രൂപാ

# സി ദ്ധൗ ഷ ധം.

ഇന്ദ്രിയസ്ഖലനം ഹേതുവായിട്ടു് കണ്ണുകുഴിഞ്ഞും, കവിളൊട്ടിയും വികൃതരൂപികളായവരും, ശീഘ്രസ്ഖലനത്താൽ നിരാശരായവരും, ധാതുപുഷ്ടിക്കുവേണ്ടി ശുക്ലസംരക്ഷിണി ഗുളികതന്നെ സേവിക്കണം. ഡസൻ ൧-ക്കു ൩ രൂപാമാത്രം.

കെ. കെ. വൈദ്യൻ, ധന്വന്തരി വൈദ്യശാല,

കോട്ടയം, തിരുവിതാംകൂർ.

---

Dec 30 1946

# തച്ചുശാസ്ത്രം

സംബന്ധിച്ച എല്ലാ ആവശ്യങ്ങൾക്കും ആ വിഷയത്തിൽ പണ്ടേയ്ക്കുപാടെ പ്രസിദ്ധിനേടിയ കാണിപ്പയ്യൂർ മനയ്ക്കലെ ഇന്നത്തെ പണ്ഡിതനായ ശങ്കരൻ നമ്പൂതിരിപ്പാടവർകൾക്കു എഴുതിയാൽമതി.

A. O. & P. O കുന്നംകുളം.

# ചന്ദ്രോദയം

## കൊഞ്ചുന്ന കവിഹൃദയം

(ഒളപ്പമണ്ണ)

അമ്പിളിയമ്മാമാ, കമ്പിളിയെന്താണെ-
ന്നമ്മിണിക്കുട്ടിക്കറിഞ്ഞീല തീരെ.
വാർതിങ്കളുത്തരമെന്തോതും?—അപ്പോഴും
വാരഞ്ചും പുഞ്ചിരി തൂകൽത്തന്നെ,
ആനന്ദലീനയായ് വാനവും നോക്കിക്കൊ-
ണ്ടാരോമൽക്കുഞ്ഞതാ, നിന്നീടുന്നു;
ഉണ്ടവളോടൊത്തു ചാടാനവരും; താ,
ചുണ്ടനക്കീടുന്ന നക്ഷത്രങ്ങൾ;
അന്യോന്യം മൗനസംഭാഷണം ചെയ്കയാ-
ണിമ്മണിമുറ്റമാകാശവും!
“അമ്മിണിക്കിന്നെന്താ, ‘മാമുണ്ണാ’റായില്ലേ?”
അമ്മ വിളിച്ചു തൻ തയ്യലാളെ.

## നാസ്തികൻ

(ജോർജ് പള്ളിപ്പറമ്പൻ)

ജ്ഞാനസ്വരൂപമേ, നിന്നെ വണങ്ങും, മീ
ഞാനൊരു നാസ്തികനാണുപോലും!
പ്രേമചൈതന്യമേ, നിന്നിലലിയുമെൻ
പേരാണുപോലും നിരീശ്വരൻ ഹാ!
ദൈവത്തെ “ക്കുത്തകപ്പാട്ടത്തി”നേറ്റതായ്
ഭാവിക്കും ഭക്തവൈതാളികന്മാർ,
എന്തസംബന്ധവും പാടിപ്പരത്തട്ടെ
സന്തപിക്കില്ലിനി, യെൻഹൃദന്തം!

സത്യമേ, സൗന്ദര്യധാമമേ, നിന്നെ ഞാൻ
നിത്യവും നീയായിക്കണ്ടിടുമ്പോൾ,
താവകാരാധനാലീനമാമെന്മന
സ്സ്പന്ദനംപോലും നീ കേട്ടിടുമ്പോൾ,
എന്തിനി, യെന്തിനി, യൊന്നുമില്ലേതുമി-
ല്ലന്ധതേ, നിന്റെയീ ജല്പനത്തിൽ!

വെട്ടത്തെക്കീഴ്ത്തകർന്നുപോം പട്ടട-
പ്പിട്ടസന്മാർഗ്ഗമേ, വായടയ്ക്കൂ.
വാചാലതയ്ക്കകത്തല്ലെന്റെ ഭക്തി, ഞാൻ
വാച്യാർത്ഥപൂർത്തിയിൽ തൃപ്തനാകാ.
ബാഹ്യപ്രകടനപ്രായം പുരട്ടിയ
ഹീനസന്മാർഗ്ഗമെനിക്കു വേണ്ട.
ചക്രവാളത്തിന്റെ ചക്രവാളത്തിനു-
മപ്പുറം നിന്നെന്റെ പേർ വിളിക്കും,
മർത്ത്യസിദ്ധാന്തങ്ങൾക്കൊക്കെയുമപ്പുറം
നിന്നെന്റെ ജീവിതത്തെ തെളിക്കും.
അപ്രമേയാനന്ദവീചി വിളമ്പുമെൻ
ചിത്സ്വരൂപന്റെയാ മന്ദഹാസം,
പൂവിലും പുല്ലിലും വിണ്ണിലും മണ്ണിലും
തങ്ങിനിൽക്കുന്നതു ഞാനറിവൂ!

## കാഹളം

(വള്ളംകുളം പി. ജി. പിള്ള)

രക്തപ്പുഴയിൽ കുളിക്കാതിരിക്കിലും-
ശുദ്ധമാവില്ലയിന്നോളം തന്റെ മെയ്യിനി!
വിപ്ലവക്കാറ്റടിയേൽക്കാതിരിക്കിലും
വിസ്ഫുരിക്കില്ലാ സമത്വത്തേജോഭരം!
എങ്ങും പരക്കട്ടെതിർപ്പിന്റെ തീക്കനൽ
എങ്ങും വിളങ്ങട്ടെ; നീതിയിന്നാകവേ
സാധുക്കൾ നമ്മൾ തൻ സ്വാതന്ത്ര്യമുണ്ണണം
സമ്പന്നരാകെസ്സുഖിച്ചുജീവിക്കുവാൻ!
പാവങ്ങൾ നമ്മൾ തൻ കണ്ണീരു കാണണം
പാപപ്പുഴുക്കൾക്കു സംതൃപ്തി നേടുവാൻ
ദീനദീനാരവം രോദനം കേൾക്കണം
മാനസം സംഗീതമാധുരിയിൽ മുങ്ങുവാൻ
ചിന്തേ, മതി, മതി വിപ്ലവത്തിപ്പൊരി
ചിന്തിപ്പറക്കും ചിറകൊന്നടക്കുനീ
ഒട്ടുദൂരത്തായ് കണ്ടിടാം ഭാവുകം
മൊട്ടിട്ടുനിൽക്കുന്ന സ്വാതന്ത്ര്യവേദിക
നാകീയഭാഗ്യം തുളുമ്പുമാ “നാളെ”കൾ
നമ്മൾക്കു സൗഖ്യം വിളമ്പാനടുത്തുപോൽ.
സ്നേഹപ്രദീപരായൊന്നിച്ചു വിപ്ലവ-
കാഹളമൂതാം സമത്വമുണ്ടാകുവാൻ.

---

എന്നിട്ടും നോക്കണേ, ഞാനാണിന്നൽപമതി
മന്നിന്റെ കണ്ണിൽ നിരീശ്വരനായ്.
കോവിലിൻ കോണിലൊതുങ്ങുന്ന നിർജ്ജീവ
കോലമേ,—നീയല്ല എന്റെ ദൈവം.
വേദനാലോകത്തിൽ വേണുവായിടുന്ന
വേദത്തിൻ കൈയിലല്ലെന്റെ ദൈവം!
മർത്ത്യനെ മർത്ത്യനിൽ നിന്നകറ്റീടുന്ന
മിഥ്യകളൊന്നുമല്ലെന്റെ ദൈവം!
എന്നെപ്പൂജിക്കണ്ട, വേണ്ട, യിന്നാരും വേ-
ണ്ടെന്നെയെൻ “ജ്ഞാനമേ” നീയറിഞ്ഞാൽ!

# മോണ്ടി!

## എട്ടാം പടയുടെ നായകൻ

(പി. കെ. കുരുവിള ബി. എ.)

ഇക്കഴിഞ്ഞ മഹായുദ്ധത്തിൽ, യൂറോപ്യൻ യുദ്ധരംഗത്തിലെ സങ്കലിതസേനയുടെ പരമാധികാരി, അമേരിക്കനായ ഐസൻഹോവറായിരുന്നുവെങ്കിലും, യുദ്ധവിജയത്തിന് അത്യന്തം സഹായകമായി പ്രവർത്തിച്ച രണ്ടു മഹാരഥന്മാർ, ജനറൽ മോണ്ടുഗോമറിയും, ജനറൽ അലക്സാണ്ടറുമാണ്. എട്ടാം പട, അഞ്ചാം പട എന്നീ വിവിധ സൈന്യവിഭാഗങ്ങളുൾപ്പെട്ട മദ്ധ്യപൗരസ്ത്യ (മിഡിൽ ഈസ്റ്റ്) സേനയുടെ സർവസൈന്യാധിപനായിരുന്ന ജനറൽ അലക്സാണ്ടറെപ്പറ്റി ഇനിയൊരിക്കൽ പ്രസ്താവിച്ചുകൊള്ളാം. അലക്സാണ്ടറുടെ അധികാരത്തിനു വിധേയനായും, എന്നാൽ യഥാർത്ഥത്തിൽ അദ്ദേഹത്തോടു തുല്യനിലയിലും പ്രവർത്തനം നടത്തിവന്നതു് എട്ടാം പടയുടെ നേതാവായ ജനറൽ മോണ്ടുഗോമറിയാണ്. ലോകചരിത്രം അപഗ്രഥനം ചെയ്തുനോക്കുമ്പോൾ, സമാധാനകാലങ്ങളിൽ വിഖ്യാതരായ പണ്ഡിതന്മാരും, രാജ്യതന്ത്രജ്ഞന്മാരും, ശാസ്ത്രജ്ഞന്മാരും ഉണ്ടാകുന്നതുപോലെ യുദ്ധകാലങ്ങളിൽ അനന്യസാധാരണമായ വ്യക്തിവിശേഷവും നേതൃസാമർത്ഥ്യവും പ്രദർശിപ്പിക്കുന്ന മഹാരഥന്മാരും ഉണ്ടായിട്ടുള്ളതായി കാണാം. ഭാരതത്തെ സംബന്ധിച്ചിടത്തോളം അറംഗസീബിന്റെയും ശിവാജിയുടേയും ടിപ്പുവിന്റെയും കാലം കഴിഞ്ഞുപോയി. സ്വാതന്ത്ര്യലക്ഷ്യത്തിലേക്കു സത്വരം പാഞ്ഞുപോകുന്ന ഇന്ത്യൻ ജനതയ്ക്കു് ഈദൃശമഹാരഥന്മാരുടെ അപദാനങ്ങൾ പ്രചോദനപരമായിരിക്കുന്നതാണ്.

വടക്കെ ആഫ്രിക്കയിലും സിസിലിയൻ യുദ്ധരംഗത്തിലും "മോണ്ടി"യുടെ നാമം ചിരപരിചിതമായിരുന്നു. മോണ്ട്ഗോമറി എന്നതിനു പകരം അതിന്റെ ഹ്രസ്വരൂപമായ "മോണ്ടി" എന്ന പേരിലാണ് അദ്ദേഹം ചിരപരിചിതനായിരുന്നതു്. അൾസ്റ്ററിൽനിന്നു ലണ്ടനിൽ സ്ഥിരതാമസമാക്കിയ ഒരു ഐറിഷ് കുടുംബത്തിൽ 1887-ലാണു മോണ്ടിയുടെ ജനനം. ഇദ്ദേഹത്തിന്റെ അച്ഛൻ മതനിഷ്ഠയുള്ളവനും സമാദരണീയനുമായ ഒരു ബിഷോപ്പായിരുന്നു. എട്ടാംപടയുടെ ആസ്ഥാനത്തുവച്ചു ഞായറാഴ്ച ദിവസങ്ങളിൽ നടക്കുന്ന ആരാധനാവേളകളിൽ വേദഭാഗം വായിക്കുന്നതു മോണ്ട്ഗോമറിതന്നെയായിരുന്നു. സുപ്രസിദ്ധമായ സാൻഡ്ഹർസ്റ്റ് സൈനികവിദ്യാലയത്തിലെ അഭ്യസനത്തിനുശേഷം അദ്ദേഹം 1908-ൽ സൈന്യത്തിൽ ചേർന്നു. ഒന്നാം ലോകമഹായുദ്ധകാലത്തു ഫ്രാൻസിൽ യുദ്ധം ചെയ്യുകയും അവിടെവച്ചു മുറിവേൽക്കുകയും ചെയ്തു. ഇക്കഴിഞ്ഞ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ അദ്ദേഹം ഇംഗ്ലണ്ടിൽ ഉള്ള ഒരു സൈനികവിഭാഗത്തിന്റെ നേതാവായിരുന്നു.

* * *

1940-ൽ ഇറ്റലി യുദ്ധത്തിൽ പങ്കെടുത്തപ്പോൾ, ബ്രിട്ടീഷ് സൈന്യം ആഫ്രിക്കയുടെ വടക്കൻതീരത്തു് ആസ്ഥാനമുറപ്പിച്ചുകൊണ്ട് ഒരു വലയം സൃഷ്ടിക്കണമെന്നുള്ള പ്ലാൻ ജനറൽ വേവൽ (ഇന്നത്തെ ഇൻഡ്യാ വൈസ്രോയിയായ വേവൽപ്രഭു) ഉന്നയിച്ചു. അലമീൻ എന്ന സ്ഥലം ആസ്ഥാനമാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. ഈ പ്ലാൻ കുറേനാളേക്കു് അങ്ങിനെ കിടന്നുപോയി. 1942-ൽ ജർമ്മൻകാർ ഈജിപ്റ്റിലേക്കു കടക്കുമെന്നുള്ള ഘട്ടമായപ്പോഴാണു ജനറൽ അലക്സാണ്ടർ ഈ പ്ലാൻ നിർവഹണസന്ധിയിലെത്തിച്ചതു്. അലമീൻ ആസ്ഥാനത്തു നിന്നുകൊണ്ടു സൈനികപ്രവർത്തനം നടത്തുന്നതിനുള്ള 8-ാം സേനയുടെ നേതൃത്വം വഹിക്കുന്നതിനു ജനറൽ ഗോട്ടു് എന്നയാളിനെയാണു് അധികൃതന്മാർ നിയമിച്ചതു്. നിർഭാഗ്യവശാൽ, അദ്ദേഹം കയറിയിരുന്ന വിമാനം നശിച്ചുപോകയും ഗോട്ട് നിഹതനാകയും ചെയ്തു. അങ്ങിനെ ചരിത്രത്തിലെ ഒരു കേവലം യാദൃശ്ചികസംഭവമാണു മോണ്ടിയെ ആഫ്രിക്കയിലേക്കാനയിച്ചതു്. പലസ്തീൻ, ട്രാൻസ്ജോർഡാൻ, ഇൻഡ്യാ എന്നീ വിവിധരാജ്യങ്ങളിൽ സൈനികപര്യടനം നടത്തി പഴക്കവും തഴക്കവും സിദ്ധിച്ചിരുന്ന മോണ്ടിയെ ആഫ്രിക്കയിലേക്കു നിയോഗിക്കുവാൻ കാരണമായതു ജനറൽ അലക്സാണ്ടറിന്റെ പ്രേരണാശക്തിയായിരുന്നു. 1942 ഒക്ടോബറിൽ മോണ്ടി ആഫ്രിക്കയിലെത്തി.

ഗ്രഡ്യസഹജമായ സൂക്ഷ്മദൃഷ്ടി, സംഭാഷണമദ്ധ്യേ തന്റെ ആശയങ്ങൾ ആവർത്തി

# സാഹിത്യ പ്രസ്ഥാനങ്ങൾ

(വക്കം അബ്ദുൽ ഖാദർ)

(തുടർച്ച)

നമ്മുടെ വൃദ്ധൻ പറഞ്ഞു:-

"ഈ ഇസങ്ങളെപ്പററിയെല്ലാം ഉറക്കമിളച്ചുകൊണ്ടു് പറയേണ്ട അത്ര വലിയ ആവശ്യമുണ്ടോ? നമുക്കു് സൗകര്യം പോലെ അവയെപ്പററി അറിയാവുന്നേടത്തോളം സംസാരിക്കാം. ഇപ്പോൾ നമുക്കുറങ്ങാം."

യുവാവു് നിരാശനായതുപോലെ കാണപ്പെട്ടു. ഉത്സാഹം തടയപ്പെട്ട വിരസതയോടെ അയാൾ നിശ്ശബ്ദനായിരുന്നു. [illegible]

---

ച്ചാവർത്തിച്ചു പറഞ്ഞു ശ്രോതാക്കളുടെ ചെവിയിലേക്കു് അവയെ അടിച്ചുകയററുന്ന സമ്പ്രദായം, അനിതരസാധാരണമായ ആത്മധൈര്യം, കാര്യക്ഷമതാശൂന്യതയെ തടവില്ലാതെ ഭത്സിക്കുന്ന പ്രത്യേക സ്വഭാവം. ഇങ്ങനെയുള്ള മോണ്ടി, ആഫ്രിക്കയിലെത്തിയപ്പോൾ ആദ്യമായി സഹപ്രവർത്തകർക്കും അദ്ദേഹത്തിന്റെ അനുയായികൾക്കും ഒരു വിരസതയാണു ജനിച്ചതു്. വിജയശ്രീലാളിതനായ റോമ്മൽ, സ്വസ്തികപതാക ആഫ്രിക്കൻ തീരങ്ങളിലേക്കും അവിടെനിന്നു് ഈജിപ്തുവഴി മദ്ധ്യപൗരസ്ത്യദേശത്തേക്കും പറത്തുവാൻ രണരണികതയോടെ ഉത്സാഹിക്കുന്ന കാലം! "രണ്ടാഴ്ച സമയം തരിക, ഞാൻ ജർമ്മൻ ആക്രമണം ചെറുത്തുകൊള്ളാം; മൂന്നാഴ്ച തരിക, അവരെ ഞാൻ തോല്പിക്കാം. ഒരു മാസം കിട്ടിയാൽ, റോമ്മേലിനെ ഞാൻ ആഫ്രിക്കയിൽനിന്നോടിക്കാം" ഇവയായിരുന്നു അദ്ദേഹത്തിന്റെ പ്രഥമവചസ്സുകൾ. സഹപ്രവർത്തകർക്കു് ആദ്യമുണ്ടായ അഭിപ്രായം മാററിത്തുടങ്ങി. മോണ്ടി, അവരോടു് സമഭാവനയോടും ഹൃദയം തുറന്നും പെരുമാറി. അതവർക്കു നന്നേ രസിച്ചു. "ഉവ്വു്, സാർ— ഉവ്വു് സാർ" എന്നു്, സ്ഥാനത്തും അസ്ഥാനത്തും ശരിമൂളുന്നവരോടു മോണ്ട്ഗോമറിക്കു വലിയ വഴക്കായിരുന്നു. "അതു ശരിയല്ല—അതു തെററിപ്പോയി" എന്നു് ആത്മാർത്ഥതയോടും ധൈര്യത്തോടുംകൂടി ആരെങ്കിലും ചൂണ്ടിക്കാണിക്കുന്ന പക്ഷം, മോണ്ടിക്കു യാതൊരു വിരോധവുമില്ല. അച്ചടക്കം എന്ന പേരിൽ, അഭിപ്രായധീരതയെ അമർഷഭാവേന അനാദരിക്കുന്ന നേതാക്കന്മാർക്കു മോണ്ട്ഗോമറിയുടെ ഈ പ്രത്യേകത മാർഗ്ഗദർശകമാണു്. അദ്ദേഹത്തിന്റെ ആജ്ഞകൾ ലളിതവും, ഹ്രസ്വവും, അതേസമയം തന്നെ ഗംഭീരവുമായിരുന്നു. ഭടജനങ്ങളുടെ ഇടയിൽ ഉത്സാഹവും, ചുണയും വർദ്ധിച്ചു. കാററിന്റെ ഗതി മാറിവീശി. മരുഭൂമിയിലെ യുദ്ധം, പ്രത്യേകസാങ്കേതികചര്യകളോടുകൂടിയതാണു്. തന്മൂലം ആരംഭഘട്ടങ്ങളിൽ മോണ്ടിക്കും അമളികൾ പററാതിരുന്നിട്ടില്ല. വിശാലഹൃദയനായ ഒരു നേതാവിനു സഹജമായ ദീർഘദൃഷ്ടിയോടുകൂടി അദ്ദേഹം ഈ പ്രമാദങ്ങൾ മനസ്സിലാക്കുകയും അവയ്ക്കു പരിഹാരമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും ചെയ്തു. 13 ദിവസങ്ങൾകൊണ്ടു് അദ്ദേഹം റോമ്മലിനെ 1300 മൈൽ ഓടിച്ചുകളഞ്ഞു. മോണ്ടിയുടെ ഭക്ഷണചര്യ ഏററവും ലളിതവും ലഘുവുമാണു്. അദ്ദേഹം മദ്യപാനം ചെയ്യുകയില്ല; പുക വലിക്കുകയുമില്ല. ഉയർന്ന സൈനികോദ്യോഗസ്ഥന്മാർ മോണ്ടിയെ സമീപിക്കുന്നതുതന്നെ വായിലിരിക്കുന്ന സിഗററു ദൂരെ എറിഞ്ഞതിനുശേഷം മാത്രമാണു്. രാവിലത്തെ ഭക്ഷണത്തിനു മുൻപു സൗകര്യമുള്ളപക്ഷം അദ്ദേഹം അഞ്ചു മൈൽ ദൂരം ഓടും. എപ്പോഴും "തയ്യാറാ"യിരിക്കണമെന്നാണു മോണ്ടിയുടെ മുദ്രാവാക്യം. അതിഭയങ്കരമായ യുദ്ധത്തിന്റെ നടുവിലും രാത്രി കൃത്യം 9. 30-നു് അദ്ദേഹം ഭക്ഷണം കഴിക്കുന്നു. 10.30 വരെ വായനയിൽ മുഴുകുന്നു. അതുകഴിഞ്ഞാലുടൻ ഉറക്കമാരംഭിക്കുന്നു. ഒരു ഭടന്റെ കാര്യക്ഷമത, വാളിന്റെ മുനപോലെ തേച്ചുമിനുക്കിയിരിക്കണമെന്നാണു് മോണ്ട്ഗോമറിയുടെ മതം. കാര്യക്ഷമതയില്ലാത്തവരെ അദ്ദേഹം ആട്ടിയോടിക്കും.

റോമ്മലിനോടു് അദ്ദേഹത്തിനു വലിയ സ്നേഹവും ബഹുമാനവുമായിരുന്നു. തന്റെ മുഖക്കണ്ണാടിയുടെ മുകളിൽ റോമ്മലിന്റെ ഒരു ഫോട്ടോ സൂക്ഷിച്ചിരുന്നു പോലും. യുദ്ധം കഴിഞ്ഞു്, റോമ്മലുമായി യുദ്ധകാര്യങ്ങളെപ്പററി വിമർശനം നടത്തണമെന്നുള്ളതു് അദ്ദേഹത്തിന്റെ വലിയ പ്രതീക്ഷയായിരുന്നു. വിധി അതിനനുകൂലിച്ചില്ല. റോമ്മൽ ആഫ്രിക്കയിൽ നിന്നോടി; ജർമ്മൻരംഗത്തു വച്ചു നിര്യാണമടഞ്ഞു. റോമ്മലിന്റെ പരാജയത്തെപ്പററി മോണ്ടി പറയുന്നതു്, "[illegible] നിമിത്തം അദ്ദേഹം തയ്യാറില്ലായിരുന്നു. ഒരു മനുഷ്യൻ എപ്പോഴും നല്ല തയ്യാറിൽ ഇരിക്കണം." എത്ര ഔദാര്യപൂർവമായ വിമർശനം!

—o—o—o—

ഞാൻ നിങ്ങളുടെ വിജ്ഞാനതൃഷ്ണയെ അറിയുന്നില്ലെന്നു് വിചാരിക്കയാണോ? അതിനെ ഞാൻ ആസ്വദിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു."

"ഇസങ്ങളെപ്പറ്റി അറിയുവാൻ ഞാൻ ഈ നാട്ടിലെ പല പണ്ഡിതന്മാരെയും ചിന്തകന്മാരെയും അത്യാർത്തിയോടെ സമീപിച്ചു നിരാശനായിട്ടുണ്ടു്. എനിക്കു മനസ്സിലാവുന്ന വിധത്തിൽ അവരിലാരും അവയെപ്പറ്റി പറഞ്ഞുതന്നില്ല. എത്ര പറഞ്ഞാലും എനിക്കു മനസ്സിലാവില്ലെന്നുപോലും ചിലർ പറഞ്ഞു. ചിലർ വലിയ ഗർവ്വും അഹംഭാവവും നടിച്ചു് എന്നോടു സംസാരിക്കുന്നതു ഒരു കുറവാണെന്ന ഭാവത്തിൽ എന്നെ അകറ്റിക്കളയുകകൂടി ചെയ്തു. മറ്റു ചിലർക്കു് ഇംഗ്ലീഷിലല്ലാതെ തങ്ങളുടെ ആശയങ്ങളും അറിവും ഏറ്റവും ഭംഗിയായി പ്രകടിപ്പിക്കാൻ സാധിക്കയില്ലെന്നു പറഞ്ഞു് ഒഴിഞ്ഞുമാറി. ഈ നശിച്ച ഇസങ്ങളാണു് മലയാളസാഹിത്യത്തെ താറുമാറാക്കുന്നതെന്നും അവയെക്കുറിച്ചു് അറിയാതിരിക്കുന്നോറും ഗുണം വർദ്ധിക്കുകയേയുള്ളുവെന്നും ചിലർ അഭിപ്രായപ്പെട്ടു. ഇസങ്ങളിലാണു് സാഹിത്യത്തിന്റെയും കലയുടെയും മർമ്മം കിടക്കുന്നതെന്നും അവ മനസ്സിലാക്കുന്നതിനു് എനിക്കു പ്രാപ്തി പോരെന്നും മറ്റു ചിലർ. ഭാഷാസാഹിത്യം നന്നാവാത്തതിന്റെ പ്രധാന കാരണം കേരളീയർ ഇസങ്ങളുടെ പ്രാധാന്യത്തെ വേണ്ടുംപോലെ മനസ്സിലാക്കാത്തതാണെന്നും ഞാൻ മനസ്സിലാക്കുവോളം അവർക്കു രക്ഷയില്ലെന്നും മേൽപറയപ്പെട്ടവർ പറഞ്ഞുതന്നു. സാഹിത്യകാരനോ കലാകാരനോ ആവുന്നതിനു് ഒരു ഇസത്തെപ്പറ്റിയും അറിയേണ്ട ആവശ്യമില്ലെന്നും സാഹിത്യവും കലയും ഇസങ്ങൾക്കെല്ലാം അപ്പുറത്താണെന്നും ഒരു നിരൂപകൻ ഉപദേശിച്ചു. പാശ്ചാത്യരുടെ ഈ ഇസങ്ങളെ ഇവിടെ നിന്നു് തുരത്തിപ്പായിക്കുന്നതിലാണു് നമ്മുടെ സാഹിത്യകലാപുരോഗമനം അടങ്ങിയിരിക്കുന്നതെന്നു് മറ്റു ചിലർ അഭിപ്രായപ്പെട്ടു. ഇസം സാഹിത്യകാരനെ വീർപ്പു മുട്ടിക്കുന്ന ഒരു ഇടുക്കുവഴിയാണെന്നു് വേറൊരു നിരൂപകൻ. ഇങ്ങനെ പലരും പലതും പറഞ്ഞുവെച്ചു. എന്നിട്ടും ഇസങ്ങളെന്താണെന്നു് എനിക്കു വ്യക്തമായി മനസ്സിലായില്ല. ഒന്നിലും ഒരു എത്തും പിടിയുമില്ല. അതിനാൽ ഒരു സാമാന്യജ്ഞാനമെങ്കിലും ലഭിക്കത്തക്കവിധം ഇസങ്ങളുടെ ലക്ഷ്യവും ഉദ്ദേശ്യവും പ്രാധാന്യത്തെയും വിവരിച്ചുതരുവാൻ ഞാൻ അഭ്യർത്ഥിക്കുന്നു."

വൃദ്ധൻ– "നിങ്ങൾ ഇത്രത്തോളം അറിയുവാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നതിനാൽ ഇസങ്ങളെ സംബന്ധിച്ചു് പൊതുവിൽ എനിക്കറിയാവുന്നതിനെ ഏറ്റവും ലളിതമായി നിങ്ങളെ ഗ്രഹിപ്പിക്കുവാൻ ഞാൻ ശ്രമിക്കാം. നിങ്ങൾ പ്രത്യേകം പ്രത്യേകം കുറിച്ചിരിക്കുന്ന ഓരോ ഇസത്തെപ്പറ്റിയും ഓരോ തവണയായി നമുക്കു സമയവും സൗകര്യവും നിശ്ചയിച്ചു് ആലോചിച്ചുകൊള്ളാം. ഇപ്പോൾ മണി ഒന്നു കഴിഞ്ഞിരിക്കുന്നു. രണ്ടിനു മുൻപു് നമുക്കു ഉറങ്ങണം. കഴിയുന്നതു നിങ്ങളെക്കൊണ്ടു് ചോദ്യങ്ങൾ ചോദിക്കാനിടവരാത്തവണ്ണം കാര്യങ്ങളെ വ്യക്തമാക്കാനാണു് ഞാൻ ശ്രമിക്കുന്നതു്."

വൃദ്ധൻ മേശ തുറന്നു് നീണ്ട ഒരു ചുരുട്ടെടുത്തു് കൊളുത്തി വലിച്ചു. യുവാവു് ശ്രദ്ധാലുവായി വൃദ്ധനെ നോക്കിക്കൊണ്ടിരുന്നു. വൃദ്ധൻ തുടർന്നു:–

"ഒരു കക്ഷിയേയോ ഒരു സംഘത്തെയോ നയിക്കുന്ന, ഒരു പ്രത്യേക സിദ്ധാന്തത്തെയോ പ്രസ്ഥാനത്തെയോ കുറിക്കുന്ന, ഒന്നാണു് ഇസം എന്ന വാക്കു്. ഇതിനു് നാം ഇന്നു് സാധാരണ പ്രസ്ഥാനം എന്നു പറഞ്ഞുവരുന്നു. നമ്മുടെ അഭിപ്രായങ്ങളും വീക്ഷണങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നതുപോലെ പ്രസ്ഥാനങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു. ഒരു അഭിപ്രായത്തിനെ ഒരു വീക്ഷണത്തിനെ ഒരു സിദ്ധാന്തമെന്നോ, ഒരു പ്രസ്ഥാനമെന്നോ ഒരു ഇസമെന്നോ പറഞ്ഞുകൂടാ. പല അഭിപ്രായങ്ങളും പല വീക്ഷണങ്ങളും ചേർന്നുണ്ടാകുന്നതാണു് ഒരു സിദ്ധാന്തം അല്ലെങ്കിൽ ഒരു പ്രസ്ഥാനം. സൗകര്യത്തെ ഉദ്ദേശിച്ചു് ഇസത്തിനു് നമുക്കു പ്രസ്ഥാനമെന്നു് തന്നെ പറയാം. പ്രസ്ഥാനങ്ങൾ പല ഇനത്തിലുണ്ടു്. പലമാതിരിയിലുണ്ടു്. സാഹിത്യത്തിലും കലകളിലും മാത്രമല്ല ഈ പ്രസ്ഥാനങ്ങളുള്ളതു്. രാജ്യതന്ത്രത്തിലും ധനതത്വകാര്യങ്ങളിലും നാം പലമാതിരി പ്രസ്ഥാനങ്ങളെ പരിചയിക്കുന്നു. അനാർക്കിസം, സിൻഡിക്കാലിസം, ബോൾഷെവിസം, സോഷ്യലിസം, കമ്യൂണിസം; ഫാഷിസം, നാസിസം ഇങ്ങനെ. തത്വജ്ഞാനീയത്തിലാണെങ്കിൽ, മോണിസം, പ്ലൂറലിസം, ഐഡിയലിസം, അറ്റോമിസം, മിസ്റ്റിസിസം, റിയലിസം. മനഃശാസ്ത്രത്തിലാണെങ്കിൽ അസോസിയേഷനിസം, ബിഹേവിയറിസം, പ്രാഗ്മാറ്റിസം ഇങ്ങനെ. ഇസങ്ങൾ ഇനിയും ധാരാളമുണ്ടു്. നമുക്കു് ഇവിടെ സാഹി

ത്യകലാപ്രസ്ഥാനങ്ങളെക്കുറിച്ചു് മാത്രമേ ചിന്തിക്കേണ്ടതുള്ളൂ.

യുവാവു്—ഈ പ്രസ്ഥാനങ്ങളെല്ലാം ആദ്യം എവിടെയാണുത്ഭവിച്ചതു്.

വൃദ്ധൻ—സാഹിത്യകലാപ്രസ്ഥാനങ്ങളുടെ ഉത്ഭവം പ്രധാനമായി ഫ്രാൻസിൽനിന്നാണു്. ഇററലി, റഷ്യ, ജർമ്മനി എന്നീ രാജ്യങ്ങളേയും സാഹിത്യകലാപ്രസ്ഥാനങ്ങളുടെ ഉത്ഭവത്തേയും വളർച്ചയേയും പററി പറയുമ്പോൾ നാം മറന്നുകൂടാ.

യുവാവു്—പാശ്ചാത്യരുടെ ഈ പ്രസ്ഥാനങ്ങൾ ഇവിടെ നമുക്കു് ആവശ്യമുണ്ടോ? നാം അവരെ അനുകരിക്കുന്നതെന്തിനു്? അവരുടെ വിശ്വാസാചാരക്രമങ്ങളും ജീവിതസമ്പ്രദായങ്ങളും രാജ്യസ്ഥിതിയും മററും നമ്മുടേതിൽനിന്നു് വ്യത്യസ്തമല്ലേ? പാശ്ചാത്യരെ നോക്കി ജീവിക്കുന്നതു നമ്മുടെ നാട്ടിനോടും സംസ്കാരത്തോടും നാം ചെയ്യുന്ന ഒരു കുററമല്ലേ?

വൃദ്ധൻ—പ്രസ്ഥാനങ്ങൾ ചിന്തയുടെ ഓരോ വകഭേദങ്ങളാണു്. ചിന്തയും അറിവും നാം കൊള്ളേണ്ടതും തള്ളേണ്ടതും രാജ്യക്കാരെ നോക്കിയല്ല. നല്ലതാരുടേതായിരുന്നാലും നമുക്കതിനെ കൈക്കൊള്ളാം. അതു അധിക്ഷേപാർഹമല്ല. നേരെമറിച്ചു് അഭിമാനകരവും അഭിനന്ദനീയവുമാകുന്നു. പാശ്ചാത്യരുടേതാണെന്ന അടിസ്ഥാനത്തിന്മേൽ അവരുടെ തിന്മകളെ നാം അനുകരണഭ്രമത്താൽ സ്വീകരിച്ചുവരാറുള്ളതുപോലെ അവരുടെ പല നന്മകളേയും നാം പരിത്യജിക്കുകയും ചെയ്യുന്നു. ഈ രണ്ടു സമ്പ്രദായവും അപമാനകരമാണു്. വെള്ളക്കാർ എന്നു് അവരെയും പടിഞ്ഞാറൻ ചരക്കു് എന്നു് അവരുടെ സൃഷ്ടികളേയും പറഞ്ഞു് പരിഹസിക്കുകയും പുച്ഛിക്കുകയും ചെയ്ക നമ്മുടെ ചീത്തനടപടികളിലൊന്നായിത്തീർന്നിരിക്കയാണു്. പഠിപ്പും ചിന്തയും ഉള്ളവർ എന്നു നടിക്കുന്നവർ പോലും ഈ ദുഷിച്ച സമ്പ്രദായത്തെ മാററുന്നില്ല. അനേകമാളുകളെ അവർ വഴി തെററിക്കുകയും മലിനമനോഭാവക്കാരാക്കുകയും ചെയ്യുന്നു.

യുവാവു്—പ്രസ്ഥാനങ്ങളെ സംബന്ധിച്ചു പഠിക്കാത്തവൻ സാഹിത്യകാരനോ കലാകാരനോ ആയിരിക്കുവാൻ കഴികയില്ലേ?

വൃദ്ധൻ—പ്രസ്ഥാനങ്ങൾ സാഹിത്യത്തിന്റെയും കലയുടെയും ഓരോ വ്യാപാരമാർഗ്ഗമാണു്. സാഹിത്യകാരന്റെയും കലാകാരന്റെയും താൽപര്യഗതികളും ചിന്താഗതികളും അനുസരണമായി പ്രസ്ഥാനങ്ങൾ ആവിർഭവിക്കും എന്നേയുള്ളൂ. പ്രസ്ഥാനങ്ങ [illegible] ളായി ഗണിച്ചാൽ [illegible] കാരനോ കലാകാരനോ ആക [illegible] പ്രസ്ഥാനങ്ങളും ഒന്നാണെന്നു് ഒരിക്കലും പറഞ്ഞുകൂടാ.

യുവാവു്—സാഹിത്യകാരന്മാരെല്ലാം പ്രസ്ഥാനക്കാരാണോ?

വൃദ്ധൻ—അല്ല. ഒരു പ്രസ്ഥാനത്തോടും തങ്ങളെ വ്യക്തമായി കൂട്ടിയിണക്കാതെ നിൽക്കുന്ന പല സാഹിത്യനായകന്മാരുണ്ടു്. എന്നാൽ അവരുടെ ചിന്തകളും താൽപര്യങ്ങളും ആദർശങ്ങളും ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ ആന്തരമായോ അപ്രത്യക്ഷമായോ അവരെ പ്രസ്ഥാനക്കാരാക്കിക്കാണിക്കുന്നതായും പറയേണ്ടിവരുന്നു. പിന്നെ ഒരു കാര്യം. അവർ പ്രസ്ഥാനസാഹിത്യകാരന്മാരല്ല; സാഹിത്യപ്രസ്ഥാനക്കാരായി വരാം. പ്രതിഭാശാലികൾ എന്നു നാം പറയുന്ന ജീനിയസ്സുകൾ അവരുടെ വഴിയിൽ കൂടി മാത്രം ചരിക്കുന്നവരാണു്. അവർ ആരുടെയും ഒന്നിന്റെയും അടിമകളായിരിക്കാൻ ഇഷ്ടപ്പെടുന്നവരല്ല. അവരുടെ സ്വഭാവവും പ്രകൃതവും വളരെ രസാവഹവും ചിന്താവഹവുമാകുന്നു.

യുവാവു്—ഞാൻ ആദ്യം പറഞ്ഞ പ്രസ്ഥാനങ്ങളെല്ലാം സാഹിത്യത്തിലെ പ്രസ്ഥാനങ്ങൾ തന്നെയാണോ?

വൃദ്ധൻ—അവയിൽ പലതും ചിത്രകലാപ്രസ്ഥാനങ്ങളാകുന്നു. ക്ലാസിസിസം, റൊമാന്റിസിസം, സിംബോളിസം, എക്സ്പ്രഷണിസം, റിയലിസം, ഫ്യൂച്ചറിസം എന്നിവയാണിവയിലെ സാഹിത്യപ്രസ്ഥാനങ്ങൾ. എന്നാൽ മററു കലകളിലും ഈ പ്രസ്ഥാനങ്ങൾക്കനുസരണമായ പ്രവർത്തനങ്ങൾ കാണപ്പെട്ടുകൂടെന്നില്ല.

യുവാവു് എഴുന്നേററു. വൃദ്ധനും എഴുന്നേററു. "ഇനി ഞാൻ എപ്പോൾ വരണം"? യുവാവു് വിനീതനായി ചോദിച്ചു. "എപ്പോൾ വന്നാലും പാതിരാത്രിയിൽ വരികയില്ലല്ലോ." വൃദ്ധൻ ചിരിച്ചു.

അവർ സംഭാഷണം നിറുത്തി ഉറങ്ങാൻ കിടന്നു.

# എന്താണ് ഈ സ്റ്റെർലിങ്ങ് കടങ്ങൾ?

(വി ടി ഇന്ദുചൂഡമേനോൻ, ബി. എസ്സ് സി.)

"ബ്രിട്ടൻ ഇന്ത്യയ്ക്കു് കൊടുക്കാനുള്ള ഈ കടം, ബംഗാൾ ക്ഷാമം ഉൾപ്പെടെ അസഹനീയമായ അനേകം ത്യാഗങ്ങൾ അനുഭവിച്ചു് നാം സമ്പാദിച്ചിട്ടുള്ളതാണു്"

(ജെ. ജെ. സിങ്ങ്.)

നമ്മുടെ നാട്ടിൽ നിന്നു് ബ്രിട്ടൻ യുദ്ധാവശ്യങ്ങൾക്കു് വാങ്ങിയിട്ടുള്ള സാമാനങ്ങളുടെ വിലയായി 1400 കോടി രൂപാ അവർ നമുക്കു് കടം വീട്ടാനുണ്ടു്. ഇന്ത്യയുടെ ഒരു കൊല്ലത്തെ ശരാശരി വരവിന്റെ 47 ശതമാനം വരുന്ന ഈ ഭീമമായ തുക, ബ്രിട്ടീഷ് നാണയങ്ങളായിട്ടോ ബ്രിട്ടീഷ് ബോണ്ടുകളുടെ രൂപത്തിലോ ലണ്ടനിൽ നിക്ഷേപിക്കപ്പെട്ടിരിക്കയാണു്. ഇതാണു് നമ്മുടെ പത്രങ്ങളിൽ സാധാരണ കാണാറുള്ള "സ്റ്റെർലിങ്ങ് കടങ്ങൾ" അല്ലെങ്കിൽ "സ്റ്റെർലിങ്ങ് നിക്ഷേപങ്ങൾ"

ഇന്ത്യയിൽ ഇരുമ്പു്, തുണി, സിമന്റു്, പഞ്ചസാര മുതലായ വ്യവസായങ്ങളിൽ ഇറക്കിയിട്ടുള്ള മൂലധനത്തിന്റെ ഇരട്ടിയോളം വരും ഈ കടസംഖ്യ. ഇത്രയും വിലയ്ക്കുള്ള ഇരുമ്പുസാമഗ്രികളും യന്ത്രങ്ങളും ബ്രിട്ടൻ നമുക്കു് തരികയാണെങ്കിൽ ഇവിടത്തെ വ്യവസായങ്ങൾ 200 ശതമാനം വർദ്ധിപ്പിക്കാൻ കഴിയും. യുദ്ധത്തിനു് മുൻപിലത്തേക്കാൾ ഇരട്ടിആളുകൾക്കു് തൊഴിലുണ്ടാകയും ചെയ്യും.

സമ്പൽസമൃദ്ധമായ ബ്രിട്ടൻ പാവപ്പെട്ട ഇന്ത്യയുടെ കടക്കാരനായി തീർന്നതെങ്ങിനെയെന്നു് ഒരുപക്ഷെ നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടായിരിക്കും. ഇതു് നമ്മുടെ അഭിവൃദ്ധിയുടെ ലക്ഷണമാണോ? നമ്മുടെ ദാരിദ്ര്യം നാം അറിയാതെതന്നെ തീർന്നുപോയോ?

## കവർന്നെടുത്ത കടം

യുദ്ധം തുടങ്ങി രണ്ടുമാസം കഴിഞ്ഞപ്പോൾ ഇന്ത്യാ ഗവർമ്മെന്റു് ബ്രിട്ടനുമായി ഒരു സാമ്പത്തികക്കരാറിൽ ഏർപ്പെട്ടു. ഇന്ത്യയുടെ ആത്മരക്ഷയ്ക്കു് ആവശ്യമായ ഒരു പട്ടാളത്തെ രൂപീകരിച്ചു്, അതിനു് പരിശീലനവും സാമഗ്രികളും നൽകുന്നതിനു് വേണ്ട ചെലവു് ഇന്ത്യ വഹിക്കണമെന്നും; ഇന്ത്യയ്ക്കു് പുറത്തു് ബ്രിട്ടീഷ് സാമ്രാജ്യാവശ്യങ്ങൾക്കായി ഈ സേനയെ നിയോഗിക്കുമ്പോൾ അതിന്റെ ചിലവുകൾ മുഴുവൻ ബ്രിട്ടൻ വഹിക്കുമെന്നും; ബ്രിട്ടീഷ് സാമ്രാജ്യത്തിൽ നിന്നു് ഇവിടെയ്ക്കു് ഇറക്കുമതി ചെയ്യേണ്ട ആയുധസാമഗ്രികൾ സൗജന്യമായി നൽകുമെന്നുമായിരുന്നു കരാറിലെ വ്യവസ്ഥകൾ.

യുദ്ധം ആരംഭിച്ച അവസരത്തിൽ ഇവിടെ പതിനൊന്നിൽ എട്ടു സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് ഭരണമായിരുന്നല്ലോ. ഇന്ത്യയെ യുദ്ധത്തിൽ ഒരു പങ്കാളിയായി പ്രഖ്യാപിക്കുന്നതിനു് ബ്രിട്ടീഷ് ഗവർമ്മെന്റിനു് എളുപ്പമായിരുന്നു. പക്ഷെ യൂറോപ്പിൽ നടക്കുന്ന ഒരു സംരംഭത്തിനു് ഇവിടെനിന്നു് നികുതിവഴിയൊ മറ്റൊ പണം പിരിച്ചുകൊടുക്കുക എന്നതു് അത്ര സുസാദ്ധ്യമായ കാര്യമായിരുന്നില്ല. അതുകൊണ്ടാണു് അമിതമായ ഒരു ധനഭാരം ഇന്ത്യയുടെ ചുമലുകളിൽ ചുമത്താതെയുള്ള ഒരു കരാറുണ്ടാക്കുവാനും കോൺഗ്രസ്സിനേയും മറ്റും അങ്ങിനെ സാന്ത്വനപ്പെടുത്താനും ബ്രിട്ടൻ തുനിഞ്ഞതു്. ഇന്ത്യയിൽ നിന്നു് ആളു്; ബ്രിട്ടനിൽ നിന്നു് കുറെ പണം; അങ്ങിനെ യുദ്ധം എളുപ്പത്തിൽ ജയിക്കാമെന്നായിരുന്നു അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ചേമ്പർലെയിന്റെ പ്ലാൻ.

ഇന്ത്യയിൽ പ്രതിഷ്ഠിച്ച വെള്ളപ്പട്ടാളത്തിന്റെ ജീവിതസൗകര്യങ്ങൾ മുഴുവനും ഇവിടെ നിന്നും എടുക്കേണ്ടതായിവന്നു—അവരുടെ ഭക്ഷണം, തുണി, പാർപ്പിടം, ഗതാഗതം. 1941-നും 1943-നും മദ്ധ്യെ 1800 കോടി രൂപായുടെ സാമാനങ്ങൾ ഇന്ത്യയിൽ നിന്നു് നൽകിയിട്ടുണ്ടു്.

1939-ലെ സാമ്പത്തികക്കരാറനുസരിച്ചു ഇതിന്റെ ചെലവു മുഴുവൻ വഹിക്കേണ്ടതു് ചക്രവർത്തിതിരുമനസ്സിലെ ഗവർമ്മെണ്ടാണു്. അവർ ഈ ചെലവുവഹിച്ചു; പക്ഷെ പേരിനു് കടലാസിൽ മാത്രം. പഴയ ചില കടബാദ്ധ്യതകൾ ഇന്ത്യ ബ്രിട്ടനു് വീട്ടാനുണ്ടായിരുന്നതു് കഴിച്ചു് ബാക്കി 1400 കോടി രൂപായുടെ സ്റ്റെർലിങ്ങ്, അതായതു് ബ്രിട്ടീഷ് കറൻസിയോ ബോണ്ടുകളോ, ഇന്ത്യാ ഗവർമ്മെണ്ടിന്റെ പേരിൽ ലണ്ടനിൽ കണക്കെഴുതി. പക്ഷെ അതു് "ബ്ലോക്കു്" ചെയ്യപ്പെട്ടിരിക്കയാണു്—ആ വിലയ്ക്കുള്ള സാമാനങ്ങളോ സ്വർണ്ണമോ ഇങ്ങോട്ടു കടത്താൻ അവർ അനുവദിക്കയില്ല! ഇവിടെ ഇന്ത്യാ ഗവർമ്മെണ്ടു് അത്രയും വിലവ

രുന്ന കടലാസ്നോട്ടുകൾ അച്ചടിച്ച് സാമാനം കൊടുത്ത കച്ചവടക്കാൎക്കും, വ്യവസായ ഉടമസ്ഥന്മാൎക്കും, തീവണ്ടിയോടിച്ച ഡ്രൈവൎമാൎക്കും, ആസ്സാം റോഡിൽ പണിയെടുത്ത തൊഴിലാളികൾക്കും നൽകി. ആറുകൊല്ലം നാം അനേകായിരം വെള്ളപ്പട്ടാളക്കാരെ തീററിപ്പോററി; പ്രതിഫലം കുറെ കടലാസ്നോട്ടുകൾ മാത്രം!

### ജനങ്ങളുടെ യാതനകൾ

1939 ആഗസ്റ്റിനു ശേഷം ഇന്ത്യയിൽ കറൻസിനോട്ടുകളുടെ സംഖ്യ 900 കോടി രൂപ വൎദ്ധിച്ചു. അതായതു് യുദ്ധത്തിനു മുൻപത്തേക്കാൾ ആറിരട്ടി. ഈ പ്രവൃത്തിയുടെ ഫലം, ഒന്നാമതു് സൈനികാവശ്യങ്ങൾ കഴിച്ചു ബാക്കി നാട്ടുകാൎക്കു നിത്യോപയോഗസാധനങ്ങൾ ലഭിക്കയെന്നതു പ്രയാസമായിത്തീൎന്നു. രണ്ടാമതു് ഉറുപ്പികയുടെ വിലയിടിഞ്ഞു. "പണ്ടു കൂലിക്കാൎക്കു് ഒരു രൂപ കിട്ടിയിരുന്ന സ്ഥാനത്തു് ഇന്നു 3 ക. കിട്ടുന്നു. അവരുടെ കാൎയ്യം സുഖമാണു്" എന്നു പറഞ്ഞിരുന്ന എത്രയോ ആളുകൾ നമ്മുടെ രാജ്യത്തുണ്ടു്. യുദ്ധകാലത്തു 3 ക. കിട്ടിയിരുന്നതിൻ പണ്ടത്തെ ഒരു ക.യുടെ വിലയില്ലായിരുന്നെന്നും, അങ്ങിനെ നോക്കുമ്പോൾ പാവപ്പെട്ടവരുടെ വരവു് ഇടിയുകയാണു ചെയ്തിട്ടുള്ളതെന്നും സൂക്ഷ്മമായി പരിശോധിച്ചാൽകാണാൻകഴിയും. 1944ൽബോംബെയിൽ 1 രൂപയ്ക്കു് 7 ണ വിലയേ ഉണ്ടായിരുന്നുള്ളു; ആ കാലത്തു തന്നെ നാഗപ്പൂരിൽ 6ണ; 1945-ൽ കോൺപൂരിൽ 5 ണ; ഈ നഗരങ്ങളെല്ലാം തൊഴിലാളികൾ തിങ്ങിപ്പാൎക്കുന്ന സ്ഥലങ്ങളാണു്. 1939-ൽ 7 ണയ്ക്കു ലഭിച്ചിരുന്ന ഭക്ഷണവും, 5 ണയ്ക്കുള്ള തുണിയും മാത്രമെ, 1944-ൽ ബോംബെയിൽ 1 രൂപയ്ക്കു കിട്ടിയിരുന്നുള്ളു.(1) കരിഞ്ചന്തയ്ക്കും കൊള്ളലാഭത്തിനും സുരക്ഷിതമായി വിഹരിക്കാവുന്ന ഒരു രംഗമായിരുന്നു അതു്. ബങ്കാളിനു 35 ലക്ഷവും കേരളത്തിനു് 50000 വും മനുഷ്യജീവികൾ പട്ടിണിയും പകൎച്ചവ്യാധിയുംമൂലം നഷ്ടപ്പെട്ടു.

### അൎത്ഥശൂന്യമായ ഒഴികഴിവുകൾ

"ഫൈനാൻഷിയൽന്യൂസ്" "എക്കോണോമിസ്റ്റ്" മുതലായ ബ്രിട്ടീഷ് പത്രങ്ങൾ ഈ കടം കുറെയെങ്കിലും റദ്ദ്ചെയ്തു കിട്ടുന്നതിനുള്ള കള്ളപ്രചാരവേല നടത്തിക്കൊണ്ടിരിക്കയാണു്. 1939-ലെ കരാറിനുശേഷം ഇന്ത്യയിൽ ജാപ്പനീസ് ആക്രമണം ഉണ്ടായെന്നും, ഈ പുതിയ പരിതസ്ഥിതിയിൽ സൈനികച്ചിലവുകൾ വൎദ്ധിച്ചുവെന്നും, അതിനാൽ പഴയ കരാറിലെ വ്യവസ്ഥകൾ ഭേദപ്പെടുത്തണമെന്നുമാണു് അവർ പറയുന്നതു്. ആരാണു് ഈ വൎദ്ധിച്ച ചെലവുകൾക്കു് ഉത്തരവാദി? ബ്രിട്ടൻ തന്നെയല്ലേ? ഇന്ത്യയിലെ ദേശീയസ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ഒരു ഗവൎമ്മെൻറു രൂപീകരിച്ചിരുന്നെങ്കിൽ ഇന്ത്യയുടെ രക്ഷയ്ക്കു ബ്രിട്ടീഷ് പട്ടാളത്തെ ഇവിടെ നിറുത്തേണ്ടിവരികയില്ലായിരുന്നു. ഐക്യരാഷ്ട്രങ്ങളുടെ യുദ്ധച്ചെലവിൽ ഇന്ത്യ അതിന്റെ പങ്കു വേണ്ടത്ര വഹിച്ചിട്ടില്ലെന്നാണു ബ്രിട്ടീഷ് സ്ഥാപിതതാൽപൎയ്യത്തിന്റെ മറെറാരു വാദം. അമേരിക്കയുടെ പ്രതിവൎഷവരവിൽ 42 ശതമാനവും ബ്രിട്ടന്റേതിൽ 70 ശതമാനവും യുദ്ധാവശ്യങ്ങൾക്കു ചെലവിട്ടിരുന്നപ്പോൾ ഇന്ത്യയുടെ വരവിൽ 20 ശതമാനം മാത്രമെ ചെലവഴിച്ചിരുന്നുള്ളു എന്നതു വാസ്തവമാണു്. പക്ഷെ മററു രാജ്യങ്ങളെ അപേക്ഷിച്ചു് എത്രയോ പരിതാപകരമാണു് ഇന്ത്യയുടെ സാമ്പത്തികസ്ഥിതി. 1930-നും 1943-നും മദ്ധ്യേ ബ്രിട്ടന്റെ വരുമാനം 76 ശതമാനവും, അമേരിക്കയുടേതു 112 ശതമാനവും വൎദ്ധിച്ചപ്പോൾ ഇന്ത്യയുടെ വരവു് 20 ശതമാനം മാത്രമാണു് ഉയൎന്നതു്. ബ്രിട്ടീഷ്ഗവൎമ്മെന്റു് ഇന്ത്യയുടെ വ്യവസായാഭിവൃദ്ധിയെ പ്രോത്സാഹിപ്പിക്കുന്നതിനു പകരം തടസ്ഥപ്പെടുത്തുകയാണു ചെയ്തിട്ടുള്ളതു്; ഇന്നും ചെയ്തുകൊണ്ടിരിക്കുന്നതും. ഒരു ഇന്ത്യാക്കാരനു കൊല്ലത്തിൽ 75 രൂപ ആളോഹരി വരവുള്ളതിൽനിന്നു് 20 ശതമാനത്തിലധികം യുദ്ധച്ചെലവിലേക്കു് അപഹരിക്കുന്നതു സാഹസമായിരിക്കും. സാമ്രാജ്യാധികാരികളുടെ മറെറാരു വാദം- ഇന്ത്യയിൽനിന്നു് അന്യായമായ വിലയ്ക്കാണു സാമാനങ്ങൾ വാങ്ങിച്ചിട്ടുള്ളതെന്നാണു്. ഇതിനും ആരാണു് ഉത്തരവാദി? വെറും കടലാസ്നോട്ടുകൾക്കു പകരം വ്യവസായസ്ഥാപനങ്ങൾ നിൎമ്മിക്കുന്നതിനുള്ള യന്ത്രങ്ങളും സാമഗ്രികളുമാണു് ഇങ്ങോട്ടു തന്നിരുന്നതെങ്കിൽ, ഉൽപാദനം എത്രയോ അധികം വൎദ്ധിക്കയും കുറഞ്ഞ വിലയ്ക്കു സാമാനങ്ങൾ നൽകുകയും ചെയ്യാമായിരുന്നു. മാത്രമല്ല, മി: മൻസുബേദാർ എം. എൽ. എ. ഈയിടെ പ്രസ്താവിച്ചതുപോലെ "മിക്കപ്പോഴും ഇന്നാട്ടുകാൎക്കുകൊടുക്കേണ്ടിവന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്കാണു സാമാനങ്ങൾ അവർ വാങ്ങിയിട്ടുള്ളതു്." എന്നതാണു പരമാൎത്ഥം.(2)

(1) കണക്കുകൾ ബി. ടി. രണദിവെ എഴുതിയ "ഇന്ത്യയുടെ സ്റ്റെർലിങ്ങ്കടങ്ങൾ" എന്ന ഗ്രന്ഥത്തിൽനിന്നു്.

(2) "ഇന്ത്യൻ എക്സ്പ്രസ്സ്" ഡിസമ്പർ 10

### അവരുടെ കുതന്ത്രങ്ങൾ

ഇത്തരം വാദങ്ങളും ഒഴികഴിവുകളും, സ്റ്റെർലിങ്ങ്നിക്ഷേപങ്ങൾ ഇന്ത്യയ്ക്കു മടക്കിത്തരാതെ കഴിക്കുന്നതിനുള്ള ശ്രദ്ധാപൂർവ്വമായ ശ്രമത്തിന്റെ ഒരു ഭാഗമാണ്. ബ്രിട്ടന്റെ ഉദ്ദേശങ്ങളെ ആശങ്കയോടുകൂടി വീക്ഷിക്കാൻ പൂർവകാലാനുഭവങ്ങൾ നമ്മെ നിർബന്ധിക്കുന്നു. കഴിഞ്ഞ യുദ്ധത്തിൻ ശേഷം ഇതുപോലെ തന്നെ ലണ്ടനിൽ കെട്ടിക്കിടപ്പുണ്ടായിരുന്ന 40 കോടി രൂപയുടെ സ്വർണ്ണമോ സാമാനങ്ങളോ നമുക്കു കിട്ടുകയുണ്ടായില്ല. അന്നു ബ്രിട്ടീഷ്നാണയത്തിന്റെ വില പവന് 15 ക. പ്രകാരമായിരുന്നു. ഇന്ത്യാഗവർമ്മെന്റു നിയമിച്ച ഒരു കമ്മറ്റിയുടെ ശുപാർശയനുസരിച്ചു പവനു 10 ക യാക്കി കുറച്ചു. ഉടനെതന്നെ ബ്രിട്ടീഷ് എക്സ്ചേഞ്ച്ബാങ്കുകൾ കുറഞ്ഞ വിലയ്ക്കു പവൻ കിട്ടാനുള്ള ആർത്തിയോടെ 40 കോടി രൂപയുടെ സ്റ്റെർലിങ്ങ് മുഴുവൻ വാങ്ങി. ഇത്തരത്തിൽ ഒരാപത്ത് ഇന്നും നമ്മെ അഭിമുഖീകരിക്കുന്നുണ്ട്.

യുദ്ധാനന്തര പദ്ധതികൾ നടപ്പാക്കാനാണെന്നു പറഞ്ഞ് ഉപയോഗശൂന്യമായ സാമാനങ്ങൾ ഇറക്കുമതിചെയ്തു കടം വീട്ടലായിരിക്കും അവരുടെ മറ്റൊരു തന്ത്രം. ഇന്ത്യാഗവർമ്മെന്റു രൂപീകരിച്ചിട്ടുള്ള പദ്ധതികൾ രാജ്യത്തിന്റെ അഭിവൃദ്ധിയ്ക്കു തീരെ ഉതകാത്തവയാണ്. ജനങ്ങളുടെ ജീവിതത്തോതു സ്ഥിരമായി ഉയർത്തുന്നതിനു വ്യവസായങ്ങൾ നിർമ്മിച്ച് ഉൽപന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനുപകരം റോഡുകളും കെട്ടിടങ്ങളും പണിയലാണ് ഇന്നത്തെ ഗവർമ്മെന്റു പദ്ധതികൾ.

ഈയിടെ അമേരിക്കയും ബ്രിട്ടനുമായി നടന്ന സാമ്പത്തിക ഒത്തുതീർപ്പിനെ തുടർന്ന്, ഇന്ത്യയുടെ കടങ്ങളിൽ ഒരുഭാഗം 1946-ൽ തീർക്കാമെന്നും, കുറെ റദ്ദുചെയ്തു കിട്ടണമെന്നും, ബാക്കിയുള്ളത് 50 വർഷത്തിനകത്തു വീട്ടുമെന്നുമുള്ള പ്രസ്താവനകൾ പത്രങ്ങളിൽ കാണുകയുണ്ടായി.

### ന്യായമായ തീരുമാനം

ഈ കടങ്ങൾ മുഴുവനും വീട്ടുകയാണെങ്കിൽ അതു ബ്രിട്ടീഷ് ജനതയുടെ ചുമലുകളിൽ അസഹ്യമായ ഭാരത്തിനു കാരണമായിത്തീരുമെന്നു ഭരണാധികാരികൾ പ്രചാരം ചെയ്യുന്നുണ്ട്. ഇതു അസത്യമാണ്. യുദ്ധത്തിനു മുമ്പു ബ്രിട്ടന്റെ വാർഷിക വരവിന്റെ അഞ്ചിലൊരംശം മാത്രമാണ് ഈ സ്റ്റെർലിങ്ങ് കടങ്ങൾ; ഈ തുച്ഛമായ സംഖ്യ തിരിക്കുന്നതുമൂലം ബ്രിട്ടീഷ് ജനസാമാന്യം പെട്ടെന്നു ദുരിതത്തിൽ അകപ്പെട്ടുപോകുമെന്നു പറയുന്നതു അടിസ്ഥാനരഹിതമായ ഭീഷണിയാണ്. മാത്രമല്ല, ബ്രിട്ടന്റെ ദൈനന്ദിനച്ചിലവിൽനിന്നും ഈ തുക എടുക്കേണ്ടതുമില്ല. ഇംഗ്ലീഷ് മുതലാളിമാർ ഇന്ത്യയിലെ വിവിധ വ്യവസായങ്ങളിലും തോട്ടങ്ങളിലുമായി 70 കോടി പവൻ നിക്ഷേപിച്ചിട്ടുണ്ട്. ഈ വിദേശസ്ഥാപനങ്ങൾ ഇന്ത്യക്കാരുടെ നിയന്ത്രണത്തിലേയ്ക്കു കൈമാറ്റം ചെയ്യുകയെന്നതു ന്യായം മാത്രമാണ്. കടത്തിൽ 63 ശതമാനം അങ്ങനെ തീർക്കാം. ആകെ കടം 110 കോടി പവനാണല്ലോ. കഴിഞ്ഞ യുദ്ധത്തിൽ ബ്രിട്ടൻ അമേരിക്കയ്ക്കു കൊടുക്കാനുള്ള കടം തീർത്തതിങ്ങനെയാണ്; ഈ യുദ്ധകാലത്തു തന്നെയും അമേരിക്കയിലെ ബ്രിട്ടീഷ് സ്ഥാപനങ്ങൾ വിറ്റിട്ടാണ് ബ്രിട്ടൻ അമേരിക്കൻ സാമാനങ്ങൾ വാങ്ങിയതു്.

ബാക്കിവരുന്ന കടം തീർക്കാൻ യന്ത്രസാമഗ്രികൾ നമുക്കു നൽകുകയാണു വേണ്ടതു്. ഇന്ത്യയിൽ അസഹ്യമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വ്യവസായസ്ഥാപനങ്ങൾ നിർമ്മിക്കാൻ നമുക്കു ഇതു ആവശ്യമുണ്ട്. ബ്രിട്ടനിൽനിന്നു യന്ത്രങ്ങൾ തരാൻ കഴിയാത്ത പക്ഷം, ഒരു വിലയ്ക്കുള്ള സ്വർണ്ണം ലഭിക്കയാണെങ്കിൽ, അതു അമേരിക്കയിൽനിന്നും നമുക്കു വാങ്ങാൻ സാധിക്കും. എങ്ങിനെയായാലും പുൽത്തൊട്ടിയിലെ നായയെപ്പോലെയുള്ള ഈ കിടപ്പു അവസാനിപ്പിക്കണം. ബ്രിട്ടനിൽനിന്നു നമുക്കാവശ്യമുള്ള സാമഗ്രികൾ തരികയുമില്ല; പുറത്തുനിന്നു വാങ്ങാൻ സൌകര്യവുമില്ല—ഇത്തരത്തിൽ ഈ സ്റ്റെർലിങ്ങ്നിക്ഷേപങ്ങൾ കെട്ടിക്കിടക്കാൻ അനുവദിച്ചുകൂടാ.

ഈ കടം വീട്ടുന്നതിൽനിന്നും ഒഴിഞ്ഞുമാറാൻ ബ്രിട്ടൻ കെട്ടിപ്പൊക്കുന്ന ന്യായവാദങ്ങൾ, "അപ്പൻ കാളയെപ്പോലെ തല കുലുക്കി" അനുവാദം മൂളുവാൻ അവരുടെ പാവകൾ മാത്രമായ ഇന്ത്യാഗവർമ്മെണ്ട് തയ്യാറാകുന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല. ഭാരതത്തെ അടിമത്തത്തിൽനിന്നും വിമുക്തയാക്കാമെന്ന് ഒരിക്കൽക്കൂടി പ്രതിജ്ഞ ചെയ്യുകയെന്നതേ നമുക്കു ചെയ്യാനുള്ളൂ.

—o—

# ഗ്രന്ഥവിഹാരം

## ഭാവി

ഗ്രന്ഥകർത്താവ്—പോഞ്ഞിക്കര റാഫി
പ്രസാധകൻ—ജെ. ഠി. കായനാട്ട്, ആലുവാ
പേജ് 90 + x വില ഒരു രൂപാ.

ചെറുകഥാപ്രസ്ഥാനം മനുഷ്യസമുദായചരിത്രത്തിലെ ഒരു പ്രത്യേകഘട്ടത്തിന്റെ സാഹിത്യപ്രതിഫലനമാണ്. അത്രനും ഉഗ്രമായിരിക്കുന്ന ജീവിതരീതി മനുഷ്യന് നീണ്ട നോവലുകൾ വായിക്കാൻ സമയമില്ലാതാക്കിത്തീർക്കുന്നു. ഇടയ്ക്ക് പുറത്തിറങ്ങുന്ന വാരികകൾ, മാസികകൾ മുതലായവയ്ക്ക് പ്രാധാന്യം വർദ്ധിക്കുന്നു. അതുകൊണ്ട് ഹ്രസ്വമായ കൃതികൾ ആവശ്യമായിത്തീരുന്നു. വ്യക്തിയെക്കാൾ സമുദായത്തിന് പ്രാധാന്യം വർദ്ധിക്കുന്നു. അങ്ങനെ വ്യക്തിയുടെ ദൈനംദിനജീവിതത്തിൽ സമുദായവുമായി വിവിധസന്ദർഭങ്ങളിൽ കൂട്ടിമുട്ടുന്നഘട്ടങ്ങൾ നല്ല ഇതിവൃത്തങ്ങളായിത്തീരുന്നു. ഇതാണ് നശിച്ചുകൊണ്ടിരിക്കുന്ന മുതലാളിത്തവ്യവസ്ഥിതിയിലെ സാഹിത്യത്തിന്റെ നില. ഈ ചിത്രത്തിന്റെ മറുവശം എഴുത്തുകാരന്റേതാണ്. ആലങ്കാരികഭാഷയിൽ സൗന്ദര്യത്തിനുവേണ്ടി കലാസൃഷ്ടി ചെയ്യുന്ന സ്വപ്നജീവിയല്ല പുതിയ കലാകാരൻ. ഈ ജീവിതത്തിലെ പ്രത്യേകഘട്ടങ്ങൾ സ്വാനുഭവംവഴിയോ മറ്റോ അനുഭവിച്ച് മനസ്സിലാക്കി, അവയിൽ മുഴച്ചുകാണുന്ന തെറ്റുകളെ തുറന്നുകാട്ടുന്നവനാണ് ഇന്നത്തെ എഴുത്തുകാരൻ. അവരുടെ കൃതികളിൽ വൈരുദ്ധ്യങ്ങൾക്ക് അവർ കൊടുത്ത ഊന്നിപ്പിടിക്കൽ പലതും കണ്ടേക്കാം. പക്ഷെ അവർ ചെയ്യുന്ന ആ സമരമാണ് പരമാർത്ഥം. സമരങ്ങളുടെ ചിത്രങ്ങളാണ് ആസ്വാദനീയം.

ഇതുകൊണ്ടൊക്കെയാണെന്നു തോന്നുന്നു മലയാളഭാഷയിലെ ചെറുകഥാപ്രസ്ഥാനം ഇത്രയധികം മേന്മപ്രാപിച്ചത്. എന്തെന്നാൽ നമ്മുടെ കഥാകാരന്മാർ മിക്കവാറും അനുഭവത്തിൽ നിന്നെഴുതുന്നവരാണ്. തിരുവിതാംകൂറിലെ കടലോരപ്രദേശങ്ങളിലെ തൊഴിലാളികളുടെ ജീവിതായോധനം പശ്ചാത്തലമാക്കി ഒരു കലാകാരൻ വിജയിച്ചെങ്കിൽ അത് അവരുമായി ഉള്ള സമ്പർക്കത്തിന്റെ ഉദാഹരണം മാത്രമാണ്. ഇടത്തരക്കാരുടെ സാമുദായികസന്മാർഗ്ഗനിയമങ്ങളുടെ പൊള്ളത്തരം ഒരു കലാകാരൻ വിശദീകരിച്ചത്, സ്വയം അവ കാണുവാനും മനസ്സിലാക്കുവാനും കഴിഞ്ഞതുകൊണ്ടാണ്. ഇതുകൊണ്ടുതന്നെയാണ് മറ്റൊരാൾക്ക് കുടകിലെ പ്രകൃതിയേയും, ബോംബയിലെയും മറ്റും ഗുമസ്തന്മാരുടെ സങ്കേതങ്ങളും ചിത്രീകരിക്കാൻ കഴിഞ്ഞത്. കൽത്തുറുങ്കിനകത്തെ മനശ്ശാസ്ത്രവും രാഷ്ട്രീയപ്രവർത്തകരുടെ യാതനകളും അതനുഭവിച്ചവർ ചിത്രീകരിക്കുമ്പോഴാണ് നന്നാവുന്നത്. മതത്തിന്റെ കൊള്ളരുതായ്കകളുമായി നിരന്തരസമരം നടത്തിക്കൊണ്ടിരിക്കുന്ന ഒരുവന്റെ സാഹിത്യസൃഷ്ടി ആ വഴിക്കായിരിക്കാം തിരിയുന്നത്. മറ്റൊരുതരത്തിലും ഒരു ആശയവുമായി സാത്മ്യം പ്രാപിച്ചുകൂടെന്ന് ഖണ്ഡിതമായ ഒരു നിയമം വയ്ക്കാൻ പാടില്ല. വിഷയവുമായി നേരിട്ടുള്ള പരിചയം ഗ്രന്ഥകാരന് വിജയത്തിനു വളരെ അധികം സഹായിക്കുമെന്നു മാത്രം. വാസനാസമ്പന്നനായ ഒരു തൊഴിലാളിക്ക്, അപ്പോൾ, സാഹിത്യത്തിൽ കിട്ടാവുന്ന വിജയം എത്രയെന്ന് വ്യക്തമാണല്ലോ. ആ വിജയമാണ് ഞാൻ "ഭാവി"യിൽ കാണുന്നത്.

"ഭാവി"യിൽ ആറു ചെറുകഥകളുണ്ട്. "സ്വർണ്ണവാച്ച്" എന്ന കഥയിൽ ദാരിദ്ര്യപീഡിതനായ ഒരു തൊഴിലാളിയെ, ആവശ്യങ്ങൾ കുറ്റത്തിലേക്കു വലിച്ചിഴക്കുന്നതിനെ ചിത്രീകരിച്ചിരിക്കുന്നു. അപ്രതിരോധ്യമായ ചില അവകാശങ്ങൾ കുടുംബസ്ഥനായ ശങ്കുവിന്റെ നേരേ കണ്ണുരുട്ടുന്നു. അവൻ മോഷണത്തിന് തീരുമാനിക്കുന്നു. തന്റെ യജമാനന്റെ സ്വർണ്ണവാച്ച് മോഷ്ടിക്കാൻ വളരെ എളുപ്പമാണ്. എങ്കിലും ഭയംകൊണ്ട് അവനതിൽ നിന്ന് വിരമിക്കുന്നു. അങ്ങനെ അവൻ അവന്റെ മാനസികനൈർമ്മല്യത്തെ വിറ്റു. പക്ഷെ പണമൊന്നും കിട്ടിയുമില്ല. ശങ്കുവിന്റെ മാനസികവ്യാപാരത്തെ ഈ കഥയിൽ ചിത്രീകരിച്ചിരിക്കുന്നരീതി ഏത് എഴുത്തുകാരനും അസൂയപ്പെട്ടുപോകുന്നരീതിയിലാണ്. ഒന്നിവിടെ പ്രത്യേകം പറയേണ്ടതുണ്ട്. ഒരിക്കലെങ്കിലും സന്മാർഗ്ഗികബോധം ശങ്കുവിനെ വിഷമിപ്പിക്കുന്നില്ല. ഭയം മാത്രമാണ് അവനെ ആ കൃത്യത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നത്. ഇതാണ് ഇന്നത്തെ പരമാർത്ഥം. സന്മാർഗ്ഗികനിയമങ്ങൾ, അങ്ങനെയൊന്നുണ്ടെന്നുതന്നെ ജനസാമാന്യം വിസ്മരിച്ചുകഴിഞ്ഞിരിക്കുന്നു. ശിക്ഷണനടപടികൾ മാത്രമാണ് ശങ്കുവിനു പരമാർത്ഥം. ലാഭമുള്ളതൊക്കെ നന്നെന്നും അ

ല്ലാത്തതൊക്കെ ചീത്തയെന്നുമാണു് ഇന്നത്തെ നവോൽകൃഷ്ടപ്രമാണം. വഹിക്കാൻ വയ്യാത്ത ഒരു ആദർശഭാരം ശങ്കുവിന്റെ ചുമലിൽ കെട്ടിവച്ചു് ആ പതിതനെ ഒരു കൃത്രിമസൃഷ്ടിയാക്കിത്തീർക്കുന്ന ശ്രീ റാഫിയെ പ്രശംസിക്കുകതന്നെ വേണം.

“വെളിച്ചത്തിൽ” “പെരുവഴിയിൽ” എന്ന കഥകളുടെ ആശയം നന്നായിട്ടുണ്ടു്. അവ രണ്ടും ഒരു നീണ്ട കഥാകഥനമാക്കാതെ ആ കഥകളിലെ ഏതെങ്കിലും പ്രത്യേക രംഗമെടുത്തു് അവിടെ കാലുറപ്പിച്ചു നിന്നുകൊണ്ടു ഭാവിയിലേക്കും ഭൂതത്തിലേക്കും നോക്കിയിരുന്നെങ്കിൽ കുറെക്കൂടി ഹൃദ്യമാകുമായിരുന്നു. ഫാക്ടറിയിൽ ജോലി ചെയ്യുന്ന രംഗം ചിത്രീകരിച്ചാൽ ആ കൊല്ലൻ ചെയ്യുന്ന ജോലിയുടെ പ്രാധാന്യവും കാഠിന്യവും കുറെക്കൂടി വ്യക്തമാകും. പോലീസുകാരൻ മകളെ കണ്ടുപിടിക്കുന്ന രംഗമാണു് പ്രധാനമായി എടുക്കേണ്ടിയിരുന്നതെന്നു തോന്നുന്നു.

“ഭാവി” എന്ന കഥ ഒരു കഥയേയല്ല, ഒരു പ്രസംഗമാണു്. ലോകത്തിന്റെ ഭാവി പരിപൂർണ്ണമായിട്ടും തൊഴിലാളിസംഘടനകളിലാണു് സ്ഥിതിചെയ്യുന്നതെന്നു ആരും സമ്മതിക്കും. പക്ഷെ യൂണിയൻസെക്രട്ടറിയുടെ പ്രസംഗം മുഴുവനും കൂടി പകർത്തിയാൽ അതു ചെറുകഥയാവുകയില്ലെന്നു പറഞ്ഞാൽ ശ്രീ റാഫി എന്നോടു് ക്ഷമിക്കുമെന്നു വിശ്വസിക്കട്ടെ. സാഹിത്യം പ്രചരണോദ്ദേശത്തോടു കൂടിയതാണു്. പക്ഷെ ഇതുപോലെ നേരിട്ടു പ്രസംഗിക്കുന്നതുകൊണ്ടു് അതു സാഹിത്യമല്ലാതായിത്തീരുമെന്നുള്ളതല്ല വിഷമം, (ഗീതയിലും ഉപദേശമുണ്ടല്ലോ) അതിന്റെ പ്രചരണശക്തിതന്നെ കുറയുമെന്നതാണു്.

ശ്രീ റാഫി ലോകം കാണുന്നുണ്ടു്. അതു മനസ്സിലാക്കുന്നുമുണ്ടു്. ഇതിലും നല്ല കഥകൾ നമുക്കു് ആ അനുഗൃഹീതതൂലികയിൽനിന്നാശിക്കാം. അദ്ദേഹത്തിനു കഴിവുണ്ടു്, അതു പ്രകാശിക്കാൻ സന്ദർഭം കൊടുക്കുക മാത്രമേ വേണ്ടു.

(സി ജെ തോമസ്)

## ശവപ്പെട്ടി

പ്രസാധകന്മാർ—പീപ്പിൾസ് ബുക്ക്സ്റ്റാൾ ആലപ്പുഴ—വിവർത്തകൻ ശ്രീ ആർ എസ് കുറുപ്പ് നാഗവള്ളിൽ. വില ണ്ണ 10.

വിഷമമേറിയ ഒരു കൃത്യമാണു് വിവർത്തനം. ഭദ്രമായ ഒരു സോഡാക്കുപ്പി തുറന്നു് അതിലെ പാനീയം മറ്റൊരു പാത്രത്തിലേക്കു പകരുകയാണു്. അളവിൽ വ്യത്യാസമില്ലെന്നുവരുത്തിയാൽ പോരാ. ജീവനായി നിൽക്കുന്ന ഗാസ് നഷ്ടമാകാതെ സൂക്ഷിക്കുന്നതിലാണു് സാമർത്ഥ്യം. ഗാസ് നഷ്ടമായാൽ ശ്രമം തന്നെ നിഷ്ഫലം.

ഏതാണ്ടു് ഇതുതന്നെയാണു് വിവർത്തനത്തിന്റെയും സ്വഭാവം. മൂലഗ്രന്ഥകാരനെ പദംപ്രതി അനുകരിക്കുന്നതുകൊണ്ടു മാത്രം വിവർത്തനം ഭംഗിയാകണമെന്നില്ല.

ഒരു സന്ദേശകാവ്യം—മയൂരസന്ദേശമാണെന്നു തോന്നുന്നു— ഒരാൾ ഇംഗ്ലീഷ് ഭാഷയിലേക്കു വിവർത്തനം ചെയ്തു. ആംഗലഭാഷാമർമ്മജ്ഞനായ ഒരു സഹൃദയൻ വിവർത്തനം വായിച്ച ശേഷം മലയാളഭാഷ ഇത്ര മാത്രം അന്തസ്സാരവിഹീനമാണോ എന്നു ചോദിച്ചതായി പറഞ്ഞുകേട്ടിട്ടുണ്ടു്. അന്തസ്സാരവിഹീനത്വം മലയാളഭാഷയുടേതാണോ വിവർത്തനത്തിന്റേതാണോ എന്നു സഹൃദയൻ ചിന്തിച്ചില്ല.

ശ്രീ ഹരീന്ദ്രന്റെ സുപ്രസിദ്ധമായ ഒരു ഗദ്യനാടകത്തിന്റെ വിവർത്തനമാണു് ശവപ്പെട്ടി. സാമാന്യജനതയുടെ ജീവിതയാഥാർത്ഥ്യങ്ങളോടു മനസാ വാചാ കർമ്മണാ ബന്ധമില്ലാതെ വിചിത്രതരമായ ഏതോ ഭാവനാലോകത്തിൽ രാജകീയധനങ്ങളുമായി കഴിഞ്ഞുകൂടിയ ഒരു കവിമല്ലന്റെ പ്രേതമാണു് ശവപ്പെട്ടിയിലെ ഉള്ളടക്കം. കുടുംബദ്രോഹം, സമുദായദ്രോഹം, രാജ്യദ്രോഹം ഇങ്ങനെ ബഹുമുഖങ്ങളായിത്തീരുന്നു, ആ കവിരാക്ഷസന്റെ അപരാധവിക്രിയകൾ. വിശപ്പ്, അസമത്വം, അക്രമം, ചൂഷണം, ദാരിദ്ര്യം, അടിമത്തം, എന്നിവകളിൽ അനേകായിരങ്ങൾ ജീവിതത്തിന്റെയും മരണത്തിന്റെയും നടുവിൽ കിടന്നു മനുഷ്യത്വത്തിന്റെ നീതിക്കുവേണ്ടി സ്വരം ഉയർത്തുമ്പോൾ ഉറക്കപ്പിച്ചു വിളിച്ചുപറഞ്ഞു കവിത കെട്ടിയെടുത്തുകൊണ്ടിരിക്കുന്ന ആ പരമഭാഗ്യവാന്മാർക്കു് ഈ ശവപ്പെട്ടിയിലേക്കു നോക്കുവാൻ പേടിയാകും.

ശ്രീ ആർ എസ് കുറുപ്പ് ഈ വിവർത്തനം എത്രയും ഭംഗിയായി സാധിച്ചിരിക്കുന്നു. കേരളത്തിലെ ഒന്നാംതരം ചെറുകഥയെഴുത്തുകാരിൽ ഒരാളായ ശ്രീ കുറുപ്പിനു വിവർത്തനത്തിലും അനന്യസാധാരണമായ സാമർത്ഥ്യമുണ്ടെന്നു ഈ കൃതി തെളിയിക്കുന്നു. വേണ്ടത്ര നിർമ്മാണശക്തിയും, ജീവിതപാണ്ഡിത്യവും ഉള്ള ഈ ചെറുപ്പക്കാരൻ മനോഹരങ്ങളായ ശില്പമാതൃകകൾകൊണ്ടു കേരളീയരെ ഉത്തരോത്തരം ആകർഷിച്ചുകൊള്ളട്ടെ.

(പൊൻകുന്നം വർക്കി)

# പതിമ്മൂന്നാംപേജ്

(ബാലൻ)

പാമ്പിനെക്കൊണ്ടു ശല്യമായല്ലോ. മെയിൽബാഗിൽ കടന്നുകൂടി, പിന്നീടു പറവൂരെത്തി. അതുകഴിഞ്ഞ് ഇപ്പോൾ ഗാന്ധിആശ്രമത്തിലെത്തിയിരിക്കുന്നു. അതു കുറച്ചുപരടമാണ്. ഗാന്ധിജിയുടെ അക്രമരാഹിത്യസിദ്ധാന്തത്തെപ്പറ്റി പാമ്പും കേട്ടിട്ടുണ്ടെന്നു തോന്നുന്നു. നല്ല രക്ഷയാണെന്നു കരുതി ചെന്നുകയറിയിരിക്കുകയാണ്. പക്ഷെ ഇപ്രാവശ്യം പാമ്പിനൊരബന്ധം പറ്റിയിട്ടുണ്ട്. ഗാന്ധിജിയുടെ അക്രമരാഹിത്യമൊക്കെ ശരിതന്നെ. പക്ഷെ ആന്ധ്രാക്കാരൻ ഒരു വൈദ്യൻ പതിവായി ഗാന്ധിആശ്രമത്തിലെത്താറുണ്ട്. അദ്ദേഹത്തിന്റെ കൈയിൽ ഒരു വടിയുമുണ്ട്. പരിശുദ്ധമായ സസ്യംകൊണ്ടുണ്ടാക്കിയ വടിയാണ്. ലവലേശം മാംസികാംശമില്ല. ആ വടികൊണ്ടു അക്രമരാഹിത്യസിദ്ധാന്തമനുസരിച്ചു പ്രഹരിച്ചാൽ പാമ്പിന്റെ മസ്തിഷ്കത്തിനു അനല്പമായ കേടു ഭവിക്കാൻ ഇടയുണ്ട്. ഇനി അതുമല്ലെങ്കിൽ ശുദ്ധ അഹിംസാവ്രതക്കാരായ കുറെ ദണ്ഡപാണികളെ വർദ്ധിപ്പിക്കാൻ സാമുവൽആരോന്റെ കൈയിലുണ്ടാകും.

പാമ്പിന്റെ നിറം ചുവപ്പാണെങ്കിൽ പിന്നെ പറയണ്ട. "മഷ്കയാ" അതുതന്നെ.

* * *

ആശ്രമത്തിൽ ചെന്നുകേറുന്നതോ പോകട്ടെ. ഇപ്പോൾ കോൺഗ്രസ്സിലും ചെന്നു കയറി തുടങ്ങിയെന്നു കേട്ടു. "ഓം രാമരാജ്യം (ഹിന്ദുവിനു പകർപ്പവകാശം) വിജയീഭവ" എന്നു മന്ത്രിച്ചിരുന്ന മഹാത്മാക്കൾ ഈയിടെ ദേവതമാറി ഭജന തുടങ്ങിയിരിക്കയാണല്ലോ. സംസ്ഥാനങ്ങളുടെ നേതാക്കന്മാരായിരുന്ന, ദശമുഖന്മാരും, വരദരാജന്മാരും, ഖരന്മാരും ഒക്കെ കോൺഗ്രസ്സിലേക്കാണു പോക്ക്. എന്താണപ്പാ ഈ മനസാന്തരത്തിനു കാരണം? ബാലനു് ഒരു ഇന്ദ്യം കിട്ടുന്നില്ല പക്ഷെ അതിലത്ഭുതമില്ല. ബാലന്റെ ബുദ്ധി അൽപം കുറവാ.

മറ്റുചിലർക്കു മനസ്സിലാകാത്തതാണത്ഭുതം. പത്തുകൊല്ലം പഞ്ചാബ് സാംസ്ഥാനിക കോൺഗ്രസ്സ് കമ്മറ്റിയുടെ അദ്ധ്യക്ഷനായിരുന്ന ഒരു ദേഹം ആലോചിച്ചിട്ടും കിട്ടുന്നില്ല. കേന്ദ്ര അസംബ്ലിയിലെ കോൺഗ്രസ്സ്കക്ഷിയുടെ ഡെപ്യൂട്ടിലീഡറിനും ബുദ്ധി പോരാ. പഞ്ചാബിലെ ഒരു പഴയ സാംസ്ഥാനിക കമ്മറ്റിപ്രസിഡണ്ടിന്റെ കാര്യം പറയണോ? ആസാമിലെ ഒരു പഴയ കോൺഗ്രസ്സ്മന്ത്രിയാണെങ്കിൽ ഒട്ടും മനസ്സിലാകുന്ന ലക്ഷണമില്ല. കേരളസാംസ്ഥാനിക കമ്മറ്റിയുടെ ഒരു പഴയ അദ്ധ്യക്ഷനു മനസ്സിലാകാത്തതിൽ പിന്നെ അത്ഭുതത്തിനെന്താണവകാശം? ഈ വങ്കന്മാരെക്കൂടി, അതിഥികൾ വരുമ്പോഴെന്തിനാണു മറുവശത്തുകൂടി ഇറങ്ങിപ്പോകുന്നതു്? അതു മര്യാദയാണോ? അതു തറവാടികൾക്കു ചേർന്നതല്ല. പക്ഷെ അവർ തറവാടിത്തമില്ലാത്തവരല്ലേ? അവർ പണ്ടു ബാബറിന്റെകൂടെ വന്നവരല്ലേ? അവർ പൊയ്ക്കൊള്ളട്ടെ.

അവരുടെ കാര്യം അധികം പറയേണ്ട. അവരൊക്കെ സെമിന്ദാരന്മാരാണു്; മുതലാളികളാണു്. തൊഴിലാളി സർവാധിപത്യത്തിനു വേണ്ടി പൊരുതുന്ന ഞങ്ങളുടെ സംഘടനയിൽ അവർക്കു സ്ഥാനമില്ല. ഞങ്ങളുടെ കൂട്ടത്തിലാണെങ്കിൽ ഒരൊറ്റ സെമിന്ദാരില്ല. ഒരൊറ്റ മുതലാളിയുമില്ല. ഞങ്ങളുടെ പുതിയ അതിഥികളും മോശക്കാരല്ല. അവരെല്ലാംതന്നെ ഭിക്ഷാംദേഹികളാണു്, ഓം ശിവോഹം, ശിവോഹം.

* * *

പോകുന്നതെല്ലാം പോകട്ടെ. ഇനി പോകാത്ത ഒരു കൂട്ടരുണ്ടു്. ഇറങ്ങിപ്പോകാൻ പറഞ്ഞാൽ പോകാത്ത ഒരുവക. ഈവകയ്ക്കു് ഒരു സുഖക്കേടുണ്ടു്. എത്ര പറഞ്ഞാലും "യോജിക്കുക, യോജിക്കുക" എന്നു പറഞ്ഞുകൊണ്ടു് നടക്കുക. ഇവറ്റയെ വച്ചുകൊണ്ടിരുന്നാൽ വലിയ ബുദ്ധിമുട്ടാണു്. രാജഗോപാലാചാരിയുടെ പോക്കുതന്നെ നോക്കുക. ആ മനുഷ്യനെന്തിനാ പിന്നെയും കോൺഗ്രസ്സിൽ വന്നുകയറിയതു്? രാധാഭായിസുബ്ബരായനു് എം. എൽ. ഏ. ആകണംപോലും. അതു് അങ്ങനെ അങ്ങെളുപ്പത്തിൽ കിട്ടുന്നതാണോ? ഒരു "സൊസൈറ്റി ലേഡി" (അതിന്റെ അർത്ഥമെന്താ മാരാരവർകളെ) ആയിരിക്കണം. അവരുടെ ഭാവം കണ്ടാൽ തോന്നും മദ്രാസിൽ "പോപ്പുലർ" ആയ മറ്റു പെണ്ണുങ്ങളാരുമില്ലെന്നു്.

അമ്മയെ വിട്ടു മകളെ തേത്രുണിയാക്കരുതേ എന്നാണു ബാലന്റെ അപേക്ഷ.

അല്ലെങ്കിലുമുണ്ടു് ഈ പെണ്ണുങ്ങൾക്കൊരു അഹംഭാവം. കുറച്ചു കവിതയെഴുതാമെന്നു് ഒരുത്തിക്കൊരു ഭാവം. അതുകൊണ്ടു് അങ്ങു മന്ത്രിയാകാമെന്നാണു വിചാരം. വർക്കിംഗ്കമ്മറ്റിയിൽ വെച്ചിരിക്കുന്നതു കാര്യമൊന്നുമറിയാവുന്നതുകൊണ്ടല്ല. കൂട്ടാൻ വയ്ക്കാൻ മാത്രമായിട്ടാണു്. പിന്നെയുമുണ്ടു ചില സമാധാനക്കാർ. അവരെ

ഒഴിച്ചുനിറുത്താൻ പണിയുണ്ടു്. ഐ. എൻ. എ.യുണ്ടല്ലോ. അതിന്റെ കേസു നടത്താൻ പറ്റുക. അങ്ങനെ ആ സൌല്ലഭ്യം ഒഴിഞ്ഞു. അങ്ങനെയാണു് കുട്ടികളെ "പോളിററിക്സ്."

* * *

എന്നാലിനി ഇക്കൂട്ടരെ വിവാഹമോചനം കൊടുത്തു വിടാമെന്നു വച്ചാലോ. ഇംഗ്ലണ്ടിൽ അങ്ങിനെയാണു്. ചർച്ചിലിന്റെ പുത്രനു് വിവാഹമോചനം അനുവദിച്ചിരിക്കുന്നു. ഓക്കിൻലക്കിനും സ്വാതന്ത്ര്യം കിട്ടിയിരിക്കുന്നു. ആവക എന്നൊരാശ്വാസം. ഓക്കിൻലക്കിന്റെ കഥ അൽപം കഷ്ടമാണു്. അതു ഭജനം മൂത്തു് ഊരാണ്മയായതാണു്. ഇങ്ങിനെയായാൽ എന്തു ചെയ്യുക. പക്ഷെ ഇതവർക്കു് (ബ്രിട്ടീഷുകാർക്കു്) പണ്ടേ പരിചയമുള്ളതാണു്. ഇൻഡ്യയിലും ഈജിപ്റ്റിലും, പലസ്തീനിലും ഒക്കെ ഇങ്ങിനെ സവിശേഷം മൂത്തു കച്ചവടവും, കച്ചവടം മൂത്തു് ഭരണവും ആയതാണു്. ഇക്കൂട്ടത്തിൽ ബാലനൊരു അഭിപ്രായം നൽകാം. ഒരു വിവാഹമോചനകേസു് കൊടുത്താലോ. ഇംഗ്ലണ്ടിലെ കോടതിയിൽ വേണം. ഇവിടെ അതു നടപ്പില്ല. വളരെനാളായല്ലോ ഇൻഡ്യയെ ബ്രിട്ടൻ ബലാൽ വിവാഹം ചെയ്തിട്ടു്. ഒരു മോചനം കിട്ടിയെങ്കിൽ, ഈ ഭർത്താവിനെക്കൊണ്ടു് നമ്മൾ തോററു. ഭരിച്ചാലും പോരാ. ലാത്തികൊണ്ടടിക്കണം, ചോര കുടിക്കണം. പിന്നെ മററു രാജ്യങ്ങളിൽ പോയി നമ്മെപ്പററി അപവാദം പറയുകയും ചെയ്യും. ഇതും പോരെങ്കിൽ മററു കിങ്കരന്മാർക്കു് നാം പടവെട്ടി രാജ്യം പിടിച്ചു കൊടുക്കുകയും വേണം. ഇതൊന്നും നടപ്പുള്ള ലക്ഷണമല്ല. ഇപ്പോൾ മുണ്ടുകൊടുക്കുവാനാണു് ഭാവമെന്നു കേട്ടു. ഗാന്ധി-കേസി (ഒരാളല്ല; രണ്ടു്) സംഭാഷണം കഴിഞ്ഞപ്പോൾ ഗാന്ധിക്കു് കൊടുക്കാൻ ഒരു പുതപ്പിനു് കമ്പിയടിച്ചിരിക്കുന്നുവെന്നു്. പുതപ്പു് കമ്പിമാർഗ്ഗം വരും. ബാലൻ പറയാറില്ലേ, സായ്പു നല്ലയാളാണു്. പിന്നെ സംഭാഷണങ്ങളുടെ ഫലവും കൂടെ ഒന്നാലോചിച്ചുകൊള്ളു.

* * *

ഇതുകൊണ്ടൊക്കെയാണെന്നു തോന്നുന്നു കറുത്ത വർഗ്ഗക്കാരെ കയററാത്ത ഹോട്ടലുകൾക്കു ലണ്ടനിൽ ലൈസൻസു കൊടുക്കുകയില്ലെന്നു് നിയമം പാസാക്കിയതു്. അപ്പോൾ സായ്പേ കറുത്ത വർഗ്ഗക്കാരെ കയററാത്ത സർക്കാരിനു് ലൈസൻസ് കൊടുക്കുന്ന കാര്യമോ? അതു ചോദിച്ചാൽ ലാത്തിവച്ചു് തലയ്ക്കടിക്കും അല്ലേ? ബഹുമാന്യനായ അമ്പീ, നിങ്ങളുടെ ദേശവും, ജിലേബിയും ഞങ്ങൾക്കു വേണ്ട.

* * *

ഇതിന്റെ ഇടയ്ക്കൊന്നു ചോദിച്ചുകൊള്ളട്ടെ കാരൂർ സാറേ. ആ കഥയ്ക്കെന്തുകിട്ടി? അല്ല, ദേഷ്യപ്പെടേണ്ട. വെറുതെ ചോദിച്ചതു മാത്രമാണു്. മററൊരു സ്ഥലത്തും എഴുതിക്കൂടെന്നു് ബാലനു് അഭിപ്രായമുണ്ടായിട്ടു പറഞ്ഞതല്ല. എങ്കിലും ടൗണിന്റെ ചില ഒഴിഞ്ഞ മൂലകളിൽ ഇരുണ്ട ചില ഭാഗങ്ങളിൽ പതുങ്ങി നിൽക്കുന്നതായി നമ്മെ ആരെങ്കിലും കണ്ടാൽ എന്തു വിചാരിക്കും? പ്രതിഫലം കിട്ടുമെന്നു വയ്ക്കുക. എന്നാൽ തന്നെയും? അതുകൊണ്ടു് ചോദിച്ചു പോയെന്നേയുള്ളു.

പിന്നെ സാറേ എനിക്കു ഒരു പരസ്യം ചേർക്കാനുണ്ടു്.

"ചങ്ങനാശേരിയിലു്. കുലംകഷമായി തയാറു് ചെയ്യപ്പെട്ടിട്ടുള്ള ഒരു പന്തലിലു് വച്ചു് 1957ലു് സമസ്തകേരള സാഹിത്യപരിഷലു് മഹാസമ്മേളനം കൂട്ടുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രധാന ചർച്ചാവിഷയങ്ങളു് താഴെ പറയുന്നവയായിരിക്കുന്നതാണു്."

1 "അനന്തരാമശാസ്ത്രിയും, കീകെ ജോസഫും ഒരാളായിരുന്നോ രണ്ടാളായിരുന്നോ?" പ്രാസംഗികൻ—രാമപാണിവാദർ (അന്നു് ജീവിച്ചിരിക്കുന്നപക്ഷം)

2. "ഈവാക്കു് ഫലിതലേഖനങ്ങൾ എഴുതിക്കൂട്ടിക്കൊണ്ടിരുന്നതു് ഈ എം. കോവൂരായിരുന്നോ, സി ജെ രാമൻനായരായിരുന്നോ?" പ്രാസംഗികൻ പട്ടിൻ വാസു.

ആർക്കിയോളജി പുരുഷാളും, ശ്രീ എ. ആർ. ഏ. എസ്സും (ചിലർ ഹരിശർമ്മയെന്നും വിളിക്കും) തമ്മിൽ പരിഷത്തിന്റെ ഉടമസ്ഥാവകാശത്തെപ്പററി ഒരു ഗുസ്തിയും നടക്കുന്നതാണു്.

പണമാരെങ്കിലും അയയ്ക്കുന്നുണ്ടെങ്കിൽ അതു് ബാലനു് അയച്ചുതരിക. പാക്കു് ഹോട്ടലിൽ അൽപം തുക ചെല്ലാനുണ്ടു്.

* * *

റബ്ബറിന്റെ വില കുറഞ്ഞുപോയി. അതു കേട്ടു്, "ഹ ഹ ഹാ ഹ, ലാ."

ചെറുകഥ

# പൊന്നപ്പൻ

(സുമതി)

കാക്കക്കു് തൻപിള്ള പൊൻപിള്ള— ഈ തത്വംമാത്രമെ പൊന്നപ്പനു് ആ പേരു നൽകിയതിൽ അവന്റെ മാതാപിതാക്കന്മാരെ നീതീകരിക്കുന്നുള്ളൂ. പൊന്നപ്പനെ കാണുമ്പോൾ കാക്കനാംപിച്ചിയെയാണു് ഓർമ്മവരിക. കരികൊരുകുത്തനിറം, കോഴിമുട്ടയുടെ ആകൃതിയിൽ ഒരു തല, ഉന്തിയ നെററി കുഴിഞ്ഞ കണ്ണുകൾ, പതിഞ്ഞ മൂക്കു്, എഴുന്നുനില്ക്കുന്ന ചെവികൾ ഈർക്കിൽ വണ്ണത്തിലുള്ള കഴുത്തും അതിനനുയോജ്യമായ ഉടലും. എട്ടുവയസ്സാണു് സ്കൂൾകണക്കിൽ ചേർത്തിരിക്കുന്നതു്. അവനെ കണ്ടാൽ അതു് പിശകാണെന്നു തോന്നിയേക്കാമെങ്കിലും അവന്റെ ഇളയതുങ്ങൾ അഞ്ചുപേരുള്ളതുകൊണ്ടു് അതു് ശരിയായിരിക്കണം. പൊന്നപ്പന്റെ അച്ഛൻ അഞ്ചൽ ശിപായിയാണു്. പഴയ യൂണിഫാറത്തിന്റെ കാലറം മുറിച്ചാണു് പൊന്നപ്പന്റെ സ്കൂൾ കുപ്പായം ഉണ്ടാക്കിയിരിക്കുന്നതു്. അവന്റെ പഠിപ്പുമുഴുവൻ ഒരൊററ കുപ്പായം കൊണ്ടു് കഴിയണമെന്നു് ഉദ്ദേശിച്ചിട്ടായിരിക്കണം— നാലു പൊന്നപ്പന്മാരെ ഒന്നിച്ചിടുവാൻ പാകത്തിൽ അതു് സൃഷ്ടിച്ചിരിക്കുന്നതു്. ചുരുക്കത്തിൽ പൊന്നപ്പനു് കുപ്പായം ചുമന്നുകൊണ്ടുള്ള നടപ്പുതന്നെ ഒരു ഭാരമാണു്. സ്കൂളിൽ ഏററവും വികൃതമായ കുട്ടി പൊന്നപ്പൻ തന്നെയാണെന്നുള്ളതിനു് തർക്കമില്ല. അണ്ടിയത്തപയ്യൻ എന്നാണവന്റെ ഓമനപ്പേരു്!. ആരും അവന്റെ സഹവാസം ഇഷ്ടപ്പെട്ടില്ല. അവനോടു് മിണ്ടുന്നതുപോലും സ്ഥാനത്തിനു് കുറവാണെന്നു് എല്ലാവരും കരുതിയിരിക്കണം. എന്നാൽ തരംകിട്ടുമ്പോൾ അവനെ അലട്ടുന്നതിൽ ഒരു രസമുണ്ടതാനും. അവൻ ഇരിക്കുന്ന ബെഞ്ചിൽനിന്നു് എല്ലാവരും മാറിപ്പോകും. പൊന്നപ്പൻ ഇതൊന്നും അറിയുന്നഭാവമേ ഇല്ല. കളിപ്പേരും ചൊല്ലി വിളിച്ചാൽ യാതൊരുതരത്തിലുള്ള ദേഷ്യഭാവും ആ മുഖത്തു് പ്രത്യക്ഷപ്പെടുകയില്ല. 9 മണിയാകുമ്പോൾ കഞ്ഞികുടിച്ചു് കുപ്പായവുമിട്ടു് പുസ്തകസഞ്ചിയുമായി അവൻ പുറപ്പെടും. ആരോടും മിണ്ടുകയില്ല. എല്ലാവരേയും സൂക്ഷിച്ചുനോക്കും, കാണും മനസ്സിലാക്കും. പാഠങ്ങൾ ശരിയായി പഠിക്കും. വീട്ടിൽ തിരിച്ചുപോരും. ആരോടും വഴക്കുമില്ല വല്ലായ്മയുമില്ല.

ഭാനു— നല്ലോരോമന. ഏററവും മനോജ്ഞമായ പേരു്. അടുത്തവീട്ടിലെ വക്കീലിന്റെ ഏകസന്താനമാണവൾ. ആറു് വയസ്സു് പ്രായം, ഒത്തവളർച്ച, തങ്കവർണ്ണം, ചുരുണ്ടമുടി, തുടുത്ത കവിൾ പ്രകാശമേറിയ കണ്ണുകൾ ഉരുണ്ടുകൊഴുത്ത ശരീരം. അവൾക്കു നല്ല ഉടുപ്പുകൾ ഉണ്ടു്. തലമുടി ഭംഗിയായി പട്ടുപീത്തകൾ കൊണ്ടു് കെട്ടി നെററിയിൽ പൊട്ടും തൊട്ടു് വൃത്തിയായ ഉടുപ്പും ധരിച്ചു് അവൾ സ്ക്കൂളിലേക്കു് പുറപ്പെടുന്ന കാഴ്ച ആർക്കു കൗതുകമല്ല!. പൊന്നപ്പനു് അവളെ കാണുന്നതു് കണ്ണിനുത്സവമാണു്. അവൻ അവളുടെ പുറകെ പതുക്കെ നടക്കും. കണ്ണിമക്കാതെ അവളെ നോക്കും. ഇങ്ങനെ മിക്കവാറും രണ്ടുനേരവും— സ്ക്കൂളിലേക്കു് പോകുമ്പോഴും മടങ്ങുമ്പോഴും അവൾക്കു കാവടി സേവിക്കും. ഭാനു ഇതൊന്നും അറിയുന്നേയില്ല. എല്ലാവരുടേയും ഓമനയാണു്. അവളോടു് എല്ലാവരും സ്നേഹം ഭാവിക്കും. അവൾക്കു് പൂക്കളും സമ്മാനങ്ങളും കൊടുക്കും. അവൾക്കതിലൊന്നും പ്രത്യേകിച്ചൊരു സന്തോഷം തോന്നാറില്ല. അവൾക്കു് വേണ്ടതെല്ലാം ഉണ്ടു്. ജനിച്ചനാൾമുതൽ എല്ലാവരും അവളുടെമേൽ സ്നേഹം ചൊരിയുന്നുണ്ടു്. അതുകൊണ്ടു് സ്നേഹം അവൾക്കു പുത്തരിയല്ല. മററുള്ളവരുടെ വാത്സല്യപ്രകടനങ്ങൾ അവൾ കാര്യമായി ഗണിക്കാറുമില്ല.

ഇടവപ്പാതി. സ്ക്കൂൾവിട്ടു് വീട്ടിലേക്കു മടങ്ങുന്ന സമയത്തു് കോരിച്ചൊരിഞ്ഞൊരുമഴ. ഭാനുവിനു് കുടയുണ്ടു്. ഇല്ലാത്തവരെ ഓരോരുത്തർ തങ്ങളുടെ കുടയിലേക്കു് ക്ഷണിച്ചു. പൊന്നപ്പനു കുടയില്ല. അവനെ ആരും ഗൗനിച്ചുമില്ല. അവൻ ഒരു കുടയിലേക്കു് പററിക്കൂടാൻ ശ്രമിച്ചു. വേണ്ടവാനതു് രസിച്ചില്ല. ഒററത്തള്ളു്! പൊന്നപ്പൻ ദൂരെ തെറിച്ചുപോയി. ഭാനുവിനു് സഹതാപം തോന്നി. അന്നു് വരെ അവൾ അവനോടു മിണ്ടിയിട്ടില്ല. എങ്കിലും അവൾ കരുതലോടെ പറഞ്ഞു. "പൊന്നപ്പൻ എന്റെ കൂടെ നിന്നോ. നനയണ്ടാ". പൊന്നപ്പനു് അവന്റെ കാതുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അവൻ ഒന്നും മിണ്ടിയില്ല ധൃതിയിൽ നടന്നു് അവളുടെ കുടയെ ശരണംപ്രാപിച്ചു. മററു കുട്ടികൾ പുച്ഛമായി ഓരോന്നു പറഞ്ഞുതുടങ്ങി.

"ഭാനുവിന്റെ പാവാടയേലാകെ പൊന്നപ്പ

ൻ ചളിപറ്റിക്കും".

"ഭാനു കയ്യൊക്കെ നല്ലോണം തേച്ചുകഴുകിട്ടു വേണം ഊണുകഴിക്കാൻ. അണ്ടിത്തലയന്റെ കുപ്പായത്തിന്റെ മണം കേട്ടാൽ ഛർദ്ദിക്കും".

"ഭാനുന്റെ അമ്മ കാണണ്ട ഈ ചെക്കനെ കൂട്ടത്തിൽ നിർത്തണെ. തല്ലുതന്നെ തരും".

ഈ അഭിപ്രായഗതികൾ കേട്ടു ഭാനുവിനും തെല്ലൊരു പരിഭ്രമം ഉണ്ടായി എങ്കിലും അവൾക്കു പൊന്നപ്പനോടു് അതിയായ സഹതാപം ഉണ്ടായിരുന്നതുകൊണ്ടു വരുന്നതു വരട്ടെ എന്നു സ്വയം ധൈര്യപ്പെട്ടു. പൊന്നപ്പനെ കൂടയിൽ നിറുത്തിയതിനു ഭാനുവിനെ അമ്മ ശകാരിച്ചു "കണ്ടാലറയ്ക്കുന്ന വകയുടെ ഒക്കെക്കൂടെ നടക്കുകയാ. അവറ്റേടെ കൂടയിലിരുന്നാൽ പഠിക്കാൻ പോവുണ്ടോ!"

ഒരുദിവസം പൊന്നപ്പൻ വഴിയിൽനിന്നു കരഞ്ഞു. ഭാനുവിനു സഹിച്ചില്ല. സംഗതി ചോദിച്ചപ്പോൾ അവൻ പറഞ്ഞു. "കല്ലുപെൻസിൽ കാണാനില്ല! ക്ലാസിൽ ചെന്നാൽ സാറു തല്ലും, വീട്ടിൽ ചെന്നാൽ അമ്മ തല്ലും". ഭാനു ഒട്ടും സംശയിച്ചില്ല അവളുടെ പെൻസിൽ പകുതി മുറിച്ചുകൊടുത്തു് അവനെ സമാധാനിപ്പിച്ചു. അതിൽപിന്നെ ഭാനു പൊന്നപ്പന്റെ പ്രത്യക്ഷദൈവമായിത്തീർന്നു. വീണ്ടും പല അവസരങ്ങളിലും പൊന്നപ്പൻ ഭാനുവിന്റെ കാരുണ്യത്തിനു പാത്രമായിത്തീർന്നിട്ടുണ്ടു്. ഒരു ചെറിയ കുപ്പി, ചോക്കുകഷണം, ചിത്രങ്ങൾ ഇങ്ങനെ പലതും പൊന്നപ്പൻ നിക്ഷേപമായി സൂക്ഷിച്ചിട്ടുണ്ടു്. ഭാനു കൊടുത്തതാണെന്നു പറഞ്ഞു് അവൻ വീട്ടിൽ എല്ലാവരെയും കാണിക്കും. സ്കൂളിൽ അതു പുറത്തെടുക്കുവാൻ ആഗ്രഹമുണ്ടായിരുന്നെങ്കിലും അവനു ധൈര്യമില്ലായിരുന്നു. അവന്റെ ഭീതിക്കു കാരണം ഉണ്ടായിട്ടുണ്ടു്. ഭാനു അവനോടു് ഇടപെടുന്നതു മറ്റുള്ള കുട്ടികൾക്കു സഹിക്കവയ്യായിരുന്നു. അസൂയ. ഘോരംഅസൂയ. ഭാനുവിന്റെ അമ്മയുടെ പുതിയ സാരിയിൽനിന്നു കിട്ടിയ ഒരു ഭംഗിയുള്ള പടം അവൾ പൊന്നപ്പനു സമ്മാനിച്ചതു് അവൻ പുസ്തകത്തിൽ സൂക്ഷിച്ചിരുന്നു. സ്കൂളിലെക്കും വിക്രമിയായ മാധവൻകുട്ടി അതു് ഒരു കളവുകേസാക്കി ഒന്നാംസാറിന്റെ അടുക്കലെത്തി. "സാർ, പൊന്നപ്പൻ ഭാനുന്റെ പടം കക്കു. അവന്റെ പൊസ്തകത്തിൽ ഇരിപ്പുണ്ടു് സാർ". അവൻ പുസ്തകവും പിടിച്ചു പറിച്ചു ഹാജരാക്കി. പടം അതിൽ ഉണ്ടു്. സാർ പൊന്നപ്പനെ ക്രോസ്സ്ചെയ്തു. അവൻ കരഞ്ഞില്ല. പക്ഷെ അവന്റെ കാൽമുട്ടുകൾ വിറയ്ക്കുന്നുണ്ടായിരുന്നു. വിക്കിവിക്കി അവൻ പറഞ്ഞു. "ഭാനു തന്നതാ". ഭാനു ഭയന്നു പൂച്ചയെക്കണ്ട എലിയെപ്പോലെ പതുങ്ങിയിരിക്കുകയായിരുന്നു. അവൾക്കു് ഇതൊന്നും മനസ്സിലാകുന്നില്ല! സാർ അവളെ ചോദ്യംചെയ്തു. "പടം ഭാനു കൊടുത്തതാണൊ, അവൻ കട്ടെടുത്തതാണൊ?" ഒരു തെറ്റു സമ്മതിക്കുന്ന ഭാവത്തോടെ അവൾ പതുക്കെപ്പറഞ്ഞു "ഞാൻ കൊടുത്തതാ".

അപ്പോൾ മാധവൻകുട്ടി പറയുന്നു "ഞാൻ വിചാരിച്ചു അവൻ കട്ടതായിരിക്കും എന്നു്". കോടതി പിരിഞ്ഞു.

സ്കൂളിൽനിന്നു മടങ്ങുന്ന വഴിക്കരികെ ഒരു കുളത്തിൽ ആമ്പൽപ്പൂക്കൾ ധാരാളം വികസിച്ചുനിന്നിരുന്നു. ഒരു വണ്ടു പറക്കുന്നതു കണ്ടു രസിച്ചുകൊണ്ടു ഭാനു അവിടെ നിന്നിരുന്നു. പൊന്നപ്പനും അവിടെ എത്തി. കുറച്ചുനേരം നിന്ന ശേഷം ധൈര്യം അവലംബിച്ചു് "പൂ വേണമെങ്കിൽ ഞാൻ പറിച്ചുതരാം" എന്നു പറഞ്ഞു വെള്ളത്തിൽ ഇറങ്ങി ധാരാളം പൂക്കൾ പറിച്ചു് അവൾക്കു സമ്മാനിച്ചു. ഭാനുവിനെ പ്രീതിപ്പെടുത്താൻ ഇങ്ങനെയൊരവസരം കിട്ടിയതിൽ പൊന്നപ്പനു വളരെ ആഹ്ലാദംതോന്നി. അവന്റെ കുപ്പായം മുഴുവൻ നനഞ്ഞിരുന്നതു് അവൻ അറിഞ്ഞിരുന്നോ എന്നു കൂടി സംശയം. രണ്ടുപേരും കൂടെ സന്തോഷത്തോടെ മടങ്ങിയപ്പോൾ വഴിക്കു വന്ന ഭാനുവിന്റെ അച്ഛൻ അവരെ കണ്ടു. അദ്ദേഹം കോപിച്ചു മേലിൽ പൊന്നപ്പന്റെ കൂടെ നടക്കരുതെന്നു മകൾക്കൊരു താക്കീതും അതുറപ്പിക്കാനെന്നപോലെ സാധു പൊന്നപ്പന്റെ ചെവിക്കൊരു തിരുമ്മും കൊടുത്തു. അവൻ കരഞ്ഞില്ല. അവന്റെ മുഖത്തൊരു വ്യസനച്ഛായ നിഴലിച്ചു. ഭാനു കരഞ്ഞുകൊണ്ടു് അച്ഛന്റെ കൂടെ പോയി.

പൊന്നപ്പൻ ഭാനുവിന്റെ സമീപം അടുക്കാറില്ല. അവളോടു സംസാരിക്കാറുമില്ല. അവനെ കാണുമ്പോൾ അവളുടെ കണ്ണു നിറയും. അവനെ എല്ലാവരും വെറുക്കുന്നതെന്തിനാണെന്നു് അവൾക്കു മനസ്സിലായില്ല. പൊന്നപ്പൻ അവളെ കാണുമ്പോൾ മാറിപ്പോകും. അടുത്തെങ്ങാൻ കണ്ടാൽ തല്ലു കൊള്ളുമോ എന്നവനു ഭയമാണു്. എങ്കിലും ഭാനു അവന്റെ ആരാധനാമൂർത്തി തന്നെയാണു്. അവളുടെ പുറകെ കുറച്ചകലെ പൊന്നപ്പൻ നടക്കും. ഒരു സ്നേഹമുള്ള നായയെപ്പോലെ. ●

അന്നു ഭാനുവിന്റെ പിറന്നാളാണു്. അവൾക്കു ധാരാളം സമ്മാനങ്ങൾ കിട്ടി. അവളുടെ

# സാഹിത്യരംഗം

## ഇതര സാഹിത്യങ്ങളെപ്പററി

(എസ്സ്. ഗുപ്തൻനായർ എം. എ.)

ഇംഗ്ലീഷ് ഭാഷയിൽ കൂടി വിശ്വസാഹിത്യത്തിലെ പ്രധാനപ്പെട്ട കുറെ കൃതികളുമായി നമ്മിൽ പലർക്കും പരിചയപ്പെടാനിടയായിട്ടുണ്ട്. എങ്കിലും ഭാരതീയസാഹിത്യങ്ങളെപ്പററി നമുക്കുള്ള അറിവ് അത്യല്പമായിത്തന്നെയിരിക്കുന്നതേയുള്ളു. ഈ പോരായ്മ പരിഹരിക്കാൻ ഇന്ത്യയിലെ ചില പ്രമുഖപത്രങ്ങളും സമിതികളും ശ്രമിച്ചുതുടങ്ങിയിട്ടുണ്ട്. പി. ഈ. എൻ. ബുള്ളററിൻ, ന്യൂഹൊറൈസൺ, ബോംബെ ക്രോണിക്കിൾ, ത്രിവേണി ഇത്രയും ആനുകാലികപ്രസിദ്ധീകരണങ്ങളാണ് ഇക്കാര്യത്തിൽ മുന്നിട്ടുനിന്നു ഉത്സാഹിക്കുന്നതു്. നമ്മുടെ സാധാരണവായനക്കാരുടെ ദൃഷ്ടിയിൽ ഇവയിൽ പലതും പെടുന്നുണ്ടായിരിക്കയില്ല. അവർക്കു വേണ്ടി നമ്മുടെ പത്രങ്ങൾ ഇത്തരം വിവരങ്ങൾ അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു. കർണ്ണാടകസാഹിത്യത്തിന്റെ ഇന്നത്തെ സ്ഥിതിയെപ്പററി ചില വിവരങ്ങൾ ബോംബെ ക്രോണിക്കിളിൽ എഴുതിയിരുന്നതാണ് താഴെ കൊടുക്കുന്നതു്.

ബംഗാളത്തെ ഒഴിച്ചുനിറുത്തിയാൽ കേരളത്തെപ്പോലെ ഭക്ഷണദാരിദ്ര്യം ഉപദ്രവിച്ച ഒരു നാട്ട് ഇന്ത്യയിൽ വേറെ ഉണ്ടെന്നു തോന്നുന്നില്ല. എന്നിട്ടും കേരളത്തിലെ എഴുത്തുകാരിൽ നിന്നു് ആ വറുതിയുടെ സജ്ജീവമായ ഒരു ചിത്രം നമുക്കു ലഭിച്ചില്ല- (കുറെ കവിതകളുണ്ടായിട്ടുണ്ട്) എന്നാൽ കർണ്ണാടകത്തിലെ എഴുത്തുകാർ അതിനെപ്പററി പ്രതിപാദിച്ചു. ബീജപ്പൂരിന്റെയും മലബാറിന്റെയും കഷ്ടപ്പാട് അവരെ ഒരുപോലെയാണ് സ്പർശിച്ചതു്. പട്ടിണിയും ദാരിദ്ര്യവും നിറഞ്ഞുകവിഞ്ഞപ്പോൾ അവരുടെ തൂലിക അലസമായിരുന്നില്ല. കരയുന്ന സഹോദരങ്ങളെ സാന്ത്വനപ്പെടുത്തുവാനും നാടിന്റെ വിമോചനത്തെ പററി സാർവത്രികമായ ഒരു ബോധം പരത്താനും അവർ മുമ്പിട്ടുനിന്നു.

കർണ്ണാടകത്തിലെ പുരോഗമനസാഹിത്യസംഘടനയുടെ അദ്ധ്യക്ഷനായ എ എൻ കൃഷ്ണറാവു അവിടുത്തെ മികച്ച ഒരെഴുത്തുകാരനാണ്. ഉദയരാഗം, സന്ധ്യാരാഗം, മംഗളസൂത്രം മുതലായ നോവലുകളും മററനേകം ചെറുകഥകളും അദ്ദേഹത്തിന്റെ വകയായുണ്ട്. "ഞാൻ എന്നെക്കണ്ടു" (നന്നൻനാനേ കണ്ടെ) എന്ന അദ്ദേഹത്തിന്റെ പുതിയ കൃതി യുവലോകത്തെ ഇളക്കിമറിച്ച ഒരു സാഹിത്യസംഭവമാണ്. വിദ്യാർത്ഥി; തൊഴിലാളി, കർഷകൻ ഇവരാണ് അദ്ദേഹത്തിന്റെ ത്രിമൂർത്തികൾ. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി പടവെട്ടുന്ന യുവസാഹിത്യകാരന്മാർക്കു കൃഷ്ണറാവു ഒരു മാർഗ്ഗദർശകനാണ്. കർണ്ണാടകഭാഷയിൽ ഈയിടെ പ്രസിദ്ധപ്പെടുത്തിയ മാക്സിംഗോർക്കി സ്മാരകഗ്രന്ഥത്തിന്റെയും പുരോഗമനകവിതാ

---

അച്ഛൻ നല്ലൊരു പടപ്പുസ്തകം കൊടുത്തു. അമ്മ ഭംഗിയുള്ള കുറെ കുപ്പിവളകളും. സമ്മാനങ്ങൾ എല്ലാവരെയും കാണിക്കാനുള്ള ഉത്സാഹത്തോടെ ഭാനു സ്കൂളിലേക്കു പുറപ്പെട്ടു. ചിത്രപുസ്തകത്തിന്റെ താളുകൾ മറിച്ചുനോക്കിക്കൊണ്ടു റോട്ടിൽ കൂടെ നടന്ന ഭാനു ചുററുപാടുകൾ എല്ലാം വിസ്മരിച്ചു. പുറകിൽനിന്നു് ഒരു കാർ ഇരച്ചുപാഞ്ഞു വന്നതു് അവൾ അറിഞ്ഞില്ല. സ്വല്പം പുറകിലായി നടന്നിരുന്ന പൊന്നപ്പൻ പെട്ടെന്നു് ആപത്തു മനസ്സിലാക്കി. അവൻ വല്ലാതെ പരിഭ്രമിച്ചു. ഭാനുവിനെ പിടിച്ചുമാററിക്കളയാം എന്നുദ്ദേശിച്ചു് അവൻ മുമ്പിലേക്കു കുതിച്ചുചാടി. കഷ്ടം! സ്വല്പം താമസിച്ചുപോയി. ഡ്രൈവർ ശ്രമപ്പെട്ടൊഴിയിക്കിട്ടും കാർ അവനെ തട്ടിമറിച്ചിട്ടു. അവൻ ബോധഹീനനായി കിടക്കുന്നതു കണ്ടു ഭാനു വാവിട്ടു കരഞ്ഞു. അവൾ കരഞ്ഞുകൊണ്ടു വീട്ടിലേക്കു് ഓടി.

സ്കൂളിലേക്കു പോയ കുഞ്ഞു കരഞ്ഞുകൊണ്ടു വരുന്നതു കണ്ടു ഭാനുവിന്റെ അമ്മ പരിഭ്രമിച്ചു. ഭാനു ഏങ്ങലടിച്ചു കരഞ്ഞുകൊണ്ടു പറഞ്ഞു. "പൊന്നപ്പന്റെ മേത്തു കാറു കയറി അവൻ ചത്തു".

"ഓ! അതിനാണോ കുഞ്ഞിത്ര കരയുന്നതു്? ഞാനെപ്പോഴും പറയാറില്ലേ അവന്റെ കൂടെ നടക്കരുതെന്നു്. അവൻ വല്ല ദിക്കിലും നോക്കി റോട്ടേ നടന്നിട്ടല്ലേ ആപത്തു വന്നതു്? സാരമില്ല നല്ലോരു ദിവസമായിട്ടു കുഞ്ഞു കരയാതെ. അവനെപ്പോലുള്ള ജനികൾക്കെല്ലാം അങ്ങനെ പററും" ഭാനു പിന്നെയും കരഞ്ഞു.

# എന്റെ ജീവിതം

(ചിത്രഭാനു നമ്പൂതിരിപ്പാട്)

ജീവിക്കുവാനായ് മരിക്കുമെന്നാകിലും,
ചാവുകയല്ലെന്റെ ലക്ഷ്യമീയൂഴിയിൽ.
പാവങ്ങളൊത്തു വിഷാദിക്കുമെങ്കിലും,
വാവിട്ടു കേഴുകയല്ലെന്റെ ജീവിതം.
മത്തടിക്കാറുണ്ടിടയ്ക്കൊക്കെയെങ്കിലും,
മദ്യത്തിൽ മുങ്ങുകയല്ലെന്റെ ജീവിതം.

ആരുടെ രക്തമിപ്പാരിൻകവിളത്തു
പൂരിതശോഭം പുകപ്പുകേറുന്നുവോ,
ആരുടെ വേർപ്പുകണങ്ങളീമന്നിന്റെ
മാറത്തു മുത്തുമാല ചാർത്തുന്നുവോ;
ആരുടെയാശയാശ്ലേഷണം ഭൂവിനെ,
ആരാൽ പുളകമണിയിച്ചിടുന്നുവോ
അത്തൊഴിലാളർ, അകിഞ്ചനർ, തങ്ങളോ-
ടൊത്തു പൊരുതുകയാണെന്റെ ജീവിതം.

ഇല്ല, തങ്ങിടില്ല, മാമകജീവിതം,
പുല്ലാങ്കുഴലിന്റെ മാധുരിയൊന്നിനാൽ
ചേർത്തുമനീതിതൻനെഞ്ചിലെച്ചോരയാൽ
മാത്രമേ തൃപ്തിയടയൂ മജ്ജീവിതം.

---

സമാഹാരത്തിന്റെയും പ്രസാധകൻ കൃഷ്ണറാവുവാണു്.

കർണ്ണാടകത്തിലെ പുരോഗമനസാഹിത്യമാസികയായ "ഉഷ"യുടെ പത്രാധിപർ ബി. കട്ടിമനിയുടെ പേരാണു് ഇനി പറയേണ്ടതു്. ഇദ്ദേഹമാണു് ഇന്നത്തെ ചെറുകഥയെഴുത്തുകാരിൽ മുമ്പൻ. ബിജപ്പൂരിലെ ക്ഷാമബാധിതരുടെ കഷ്ടപ്പാടുകളെ അധികരിച്ചു് അദ്ദേഹമെഴുതിയിട്ടുള്ള "ക്യാറവാൻ", "ഇരുളിൽനിന്നു വെളിച്ചത്തിലേക്കു" മുതലായ കഥകൾ ഇതിനകം "ക്ലാസിക്കുകളായി" കഴിഞ്ഞിട്ടുണ്ടു്. ചെറുപ്പക്കാരായ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിലും അണിനിരത്തുന്നതിലും കട്ടിമനിയും അദ്ദേഹത്തിന്റെ മാസികയും ചെയ്യുന്ന സേവനങ്ങൾ കർണ്ണാടകഭാഷയ്ക്കു് ഒരു നവചൈതന്യം കൊടുത്തു.

റി ആർ സുബ്ബറാവു് 22 വയസ്സു മാത്രം പ്രായമുള്ള ഒരു പുരോഗമനസാഹിത്യകാരനാണു്. എഴുത്തിലുള്ള ഓജസ്സും ശക്തിയും തന്റെ പ്രായത്തിൽ കവിഞ്ഞ പേരു അദ്ദേഹത്തിനു സമ്പാദിച്ചുകൊടുത്തുകഴിഞ്ഞു. എണ്ണം പറഞ്ഞ എഴുത്തുകാരായി ഇനിയും പലരുമുണ്ടു്. ഈ ചെറിയ കുറിപ്പിൽ എല്ലാവരെയുംകുറിച്ചു പറയുക എളുപ്പമല്ലല്ലോ".

# റബർഫാക്ടറി തൊഴിലാളി യൂണിയൻ

പ്രസ്തുത സംഘടനയുടെ പ്രഥമ വാർഷിക റിപ്പോർട്ടിനെപ്പറ്റി അഭിപ്രായം പറയുവാൻ അനല്പമായ സന്തോഷമുണ്ടു്. എവിടെ അടിച്ചമർത്തലിന്റെ ശക്തി അപാരമാകുന്നു, എവിടെ അനീതി അതിരു കവിയുന്നു, അവിടെ അധികാരം ചെലുത്തലിനു് എതിരായി പ്രക്ഷോഭണം തലയുയർത്തുന്നു, അവിടെ അനീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ രക്തസാക്ഷികൾ ഉണ്ടാകുന്നു

റബർഫാക്ടറി തൊഴിലാളികൾക്കു ദിവസം 9 മണിക്കൂർ നേരത്തെ ജോലിയാണുള്ളതു്. ജീവശ്ശക്തിയെ കുറേശ്ശെയായി നശിപ്പിക്കുന്ന ഗന്ധകത്തിന്റെയും വിഷവാതകങ്ങളുടെയും, ഉടനടി അപായപ്പെടുത്തുന്ന വിദ്യുച്ഛക്തി പ്രവാഹത്തിന്റെയും റോളറുകളുടേയും ഇടയിലാണിവരുടെ ജോലി. ഈ ഉണ്ണിമേഖലയിലെ ജോലിക്കാരാരാണു്? ഒട്ടുമിക്കാലുംപേർ അഭ്യസ്തവിദ്യരായ യുവാക്കളാണു്. ക്ലർക്കുവേലയെപ്പറ്റി നിറംപിടിച്ച പ്രതീക്ഷകളോടുകൂടി റബറൈസിങ്ങും ഹെമ്മിങ്ങും ചെയ്യുന്ന പാവങ്ങൾ. ഇവർക്കുള്ള കൂലിയോ? മണിക്കൂറിനു് ഒരണ! പുറത്തുനിന്നും അകത്തുനിന്നും ജീവിതത്തെ കരുവാളിപ്പിക്കുന്ന ഈ ചൂടിനെ—ആളിക്കത്തലിനെ—ഒട്ടെങ്കിലും തണുപ്പിക്കുവാനുള്ള കൂലിയില്ലെങ്കിൽ ആ സ്ഥിതിയെന്തായിരിക്കും?

റബർഫാക്ടറി തൊഴിലാളികൾ ഉണർന്നു കഴിഞ്ഞിരിക്കുന്നു. അജ്ഞതയിലും അന്ധകാരത്തിലും ഇനി അവരെ ഒതുക്കിനിർത്താൻ കഴിയുകയില്ലെന്നു് "ഉടമ"കൾക്കു് അറിയാം. ബുദ്ധിസാമർത്ഥ്യം അവരുടെ കുത്തകയാണെന്നു വച്ചിരുന്നതു് അടിയോടെ തെറ്റിയെന്നു് അവർ അറിഞ്ഞു. അതിനാൽ സഹാനുഭൂതി പ്രദർശിപ്പിക്കുന്ന ഒരുകൂട്ടം കൊച്ചുമുതലാളിമാരെ—ബുദ്ധിപരജീവികളെ—തൊഴിലാളികളുടെ ഇടയിൽ വലിയ മുതലാളിമാർ ഇറക്കിവിട്ടിട്ടുണ്ടു്. ഈ ഒററയാന്മാരെ സൂക്ഷിക്കേണ്ടതാണു്.

പ്രഥമവർഷത്തിൽത്തന്നെ ഫാക്ടറി തൊഴിലാളികളുടെ സംഘടനപ്രവർത്തനങ്ങൾക്കു കുറെയെങ്കിലും നേട്ടം കിട്ടിയിട്ടുണ്ടെന്നു കാണുന്നതു ചാരിതാർത്ഥ്യജനകമായിരിക്കുന്നു.

(കെ. ആർ. രാമകൃഷ്ണൻ)

ചെറുകഥ

# ഉന്മത്തൻ

(മുട്ടമ്പലം കെ. കെ.)

"എന്റെ ഓമനേ, അയാൾ ഇത്ര ആഭാസനാണല്ലോ," ഗോവിന്ദൻനായർ കടിച്ചുപിടിച്ചിട്ടും ഈ വാചകം "കല്യാണിക്കുട്ടിയുടെ" വായിൽ നിന്നും എല്ലിൻകഷണമെന്നപോലെ പ്രേമഭാജനത്തിന്റെ മുമ്പിൽ അടർന്നുവീണു. "ഉം, ആരുടെ കാര്യമാ നിങ്ങളീപ്പറയുന്നതു്?" ഒന്നും അറിയാത്തമട്ടിൽ ആ മദാലസ ചോദിച്ചു.

"എടീ ആ ശങ്കരനയ്യരെ, നിന്റെ കാര്യം മുഴുവൻ അയാൾ വഹിച്ചുകൊള്ളാമെന്നു് എന്റെ മുഖത്തു് നോക്കിക്കൊണ്ടു പറയാൻ അയാൾക്കു് നാണമില്ലല്ലോ. ഒന്നുമില്ലെങ്കിലും ഞാൻ നിന്റെ ഭർത്താവെന്നല്ലേ പറയുന്നതു്?" അത്ഭുതവും വിഷാദവും ഇടകലർന്ന സ്വരത്തിൽ ആ നിതംബിനിയുടെ മുഖത്തുനിന്നും കണ്ണുപറിക്കാതെ ഗോവിന്ദൻനായർ ഇത്രയും പറഞ്ഞുതീർത്തു.

"അത്രേ ഉള്ളോ? അതിനു് എന്തു സമാധാനം പറഞ്ഞു?"

"ഞാൻ എന്തു പറഞ്ഞാൽ കൊള്ളാം."?

"കൊള്ളുന്നതും കൊള്ളാത്തതും കിടക്കട്ടെ, എന്തു പറഞ്ഞെന്നാ എനിക്കറിയേണ്ടതു്."

"നിനക്കെന്താ ഇത്ര തുടക്കൽ?"

"നിങ്ങളുടെ അരുകൊല കേറീട്ടു്—"

"ഓമനേ, നീ കുറച്ചു മര്യാദരൂപമായിട്ടു പറ."

"നിങ്ങൾ കുറച്ചാണത്തമായിട്ടു് പറ."

"അപ്പം ഞാനാണല്ലെന്നാ പറയുന്നതു്."

"നിങ്ങൾക്കു് മറ്റുതൊഴിലൊന്നുമില്ലല്ലോ? എനിക്കു് ആറുക്കൂട്ടം ജോലിയുണ്ടു് ചെയ്യാൻ. ആ സ്വാമിതന്നെ ഇങ്ങോട്ടു വരികയാണെങ്കിൽ ഈ അവലോഹ്യം ഒക്കെ കേട്ടാൽ അദ്ദേഹത്തിനു് എന്തു് തോന്നും. മനുഷ്യർക്കാണെങ്കിൽ കുറച്ചൊക്കെ വകതിരിവും ബോധവും വേണം. ഈ റേഷൻകാലത്തു് നിങ്ങൾക്കു് കിട്ടുന്ന പതിനഞ്ചുരൂപാ കൊണ്ടു് മുന്നാലുപേരുകൂടെ ഉണ്ണുന്നതു് കാണാമല്ലോ. നിങ്ങൾ സ്വാമിയുടെ ഡ്രൈവറല്ലേ? അദ്ദേഹം നിങ്ങളെ ജോലിയിൽ നിന്നു പിരിച്ചുവിടുകയാണെങ്കിൽ പിന്നെ വായിൽ മണ്ണല്ലേ? നിങ്ങൾക്കൊരു വീണ്ടുവിചാരമില്ലാത്തതെന്താ? ഇവിടെ എന്നും ആനപ്പാട്ടം വരാൻ കിടക്കുന്നോ? പിള്ളേരു് രണ്ടായല്ലോ. അവർക്കു് മുണ്ടും ഉടുപ്പും വേണം പള്ളിക്കൂടത്തിൽ പോകണം, സമയത്തിനാഹാരം കൊടുക്കണം. എനിക്കുമില്ലേ വായും വയറുമൊക്കെ? മറു പെണ്ണുങ്ങളോടൊപ്പം നല്ല വസ്ത്രങ്ങളും ആഭരണങ്ങളും ഉപയോഗിക്കാൻ എനിക്കുമില്ലേ ആഗ്രഹം? ഈ ഒഴിഞ്ഞകോണിൽ ഇടിഞ്ഞുപൊളിഞ്ഞു് ചിതലുപിടിച്ച പുരയിൽ ഇങ്ങനെ പൊറുക്കാൻ എനിക്കു് ഒക്കുകില്ല. ഒന്നുകിൽ എന്റെ ആവശ്യങ്ങൾ നിറവേറ്റണം അല്ലെങ്കിൽ ഞാൻ പറയുന്നതു് കേൾക്കണം." തലവെട്ടിച്ചു് ഉടലിളക്കി വിരലു് ചൂണ്ടി ഗോവിന്ദൻ നായരുടെ നേരെ ഉഗ്രമായി നോക്കിക്കൊണ്ടുള്ള അവളുടെ നിശിതവാക്ശരങ്ങൾ ആ സാധുമനുഷ്യന്റെ ഹൃദയത്തിൽ ആഞ്ഞുതറച്ചു. ലോകം തന്നെയും കൊണ്ടു് പമ്പരം കറങ്ങുന്നതായി അയാൾക്കു് തോന്നി. കണ്ണിൽ ഇരുളിന്റെ തിരശ്ശീല വീണു. എന്തൊ ഒന്നു് സംസാരിക്കണമെന്നുള്ള ആശയിൽ ആ നിസ്സഹായൻ പലവുരു ശ്രമിച്ചിട്ടും ഒരക്ഷരം പുറത്തുവന്നില്ല. നാവുള്ളിലേയ്ക്കു് വലിഞ്ഞുപോയപോലൊരു വിമ്മിഷ്ടം. അവൾ ഇടയ്ക്കിടയ്ക്കു് പലതും പറഞ്ഞിട്ടും ചെവിക്കുണ്ടായ മൂളലിൽ ആ ബലഹീനൻ ഒന്നും തന്നെ കേട്ടില്ല. പൊട്ടക്കണ്ണൻ കണ്ണുതുറന്നാലെന്തു് അടച്ചാലെന്തു്.? അവൾ പറയുന്ന ഓരോ വാക്കും അയാൾ കേട്ടാലും ഇല്ലെങ്കിലും അവളുടെ ഇച്ഛാനുസരണം കാര്യം നടക്കും.

"ഒന്നുകിൽ നിങ്ങൾ എന്റെ ആവശ്യങ്ങൾ നിറവേറ്റണം അല്ലെങ്കിൽ ഞാൻ പറയുന്നതു കേൾക്കണം". ഈ അന്ത്യശാസനം ഗോവിന്ദൻനായരുടെ ഉറങ്ങിക്കിടന്നിരുന്ന ചിന്താശക്തിയെ ഒന്നു തട്ടിയുണർത്തി. അതു് അയാളുടെ മനോവ്യഥയുടെ കത്തിക്കാളലിനു് ഒരു തൈലസേചനമായിരുന്നു. മൂന്നു നാലു ചുട്ടു പഴുത്ത മുത്തുമണികൾ കണ്ണിൽനിന്നും മനസ്സറിയാതെ അടർന്നു വീണു. അതു കൈപ്പുറംകൊണ്ടു തുടച്ചു മൂക്കുചീറ്റി ഗോവിന്ദൻനായർ എത്രയും പതിഞ്ഞ സ്വരത്തിൽ ചോദിച്ചു. "അപ്പോൾ ഞാൻ എന്തു ചെയ്യണമെന്നാ പറയുന്നതു്?" "ഓ, നിങ്ങൾ എന്തു ചെയ്യാനാണു്? സ്വാമിയുടെ കാറോടിച്ചാൽ കിട്ടുന്ന ചുരുങ്ങിയ തുക ഒരു പത്തു ദിവസത്തേക്കെങ്കിലും തികയുമോ? സ്വാമി പിണങ്ങിയാൽ അതും വെള്ളത്തിൽ. ആട്ടെ, സ്വാമി എന്തോന്നാ പറഞ്ഞതു്?" "അതു പറയാതിരിക്കണമെന്നാ വിചാരിച്ചതു്. പക്ഷെ നീ സമ്മതിക്കുക

യാല്ലല്ലോ പറയാതെ. നീ എന്റെ ജീവന്റെയും ജീവനല്ലേ? നിന്നെ ഒററ ഒരുത്തിയെ വിചാരിച്ചല്ലേ ഞാൻ പട്ടാളത്തിൽപോലും പോകാതിരുന്നതു്. നീ മററാരാളുടെ അധീനതയിലാകുന്നതു ഞാൻ എങ്ങനെ കണ്ടുകൊണ്ടു നടക്കും? ഇവിടെ അദ്ദേഹം വല്ലപ്പോഴൊക്കെ വരുന്നതു് എന്നെ അന്വേഷിച്ചാണെന്നല്ലേ നീ പറഞ്ഞിട്ടുള്ളതു്?" "അതെ, അതിനെന്താണ്?" "അതിനൊന്നും ഉണ്ടെന്നല്ല ഞാൻ പറയുന്നതു്. അദ്ദേഹത്തിനു് അങ്ങനെ വല്ലപ്പോഴും സ്വാതന്ത്ര്യമില്ലാതെ വന്നതുകൊണ്ടായില്ലെന്നു പറയുന്നു" "നിങ്ങൾ സ്വാമിയുടെ ഒരു ശമ്പളക്കാരൻ. പിന്നെ അദ്ദേഹത്തിനു് ഇവിടെ സ്വാതന്ത്ര്യമായി എന്തുകൊണ്ടു വന്നുകൂടാ?" "വന്നുകൂടെന്നു ആരു പറഞ്ഞു? സ്വാമി പറയുന്നു അദ്ദേഹത്തിനു നിന്റെ അടുക്കൽ എന്നെപ്പോലെ തന്നെ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്നു്." "അരിനെന്നുപറഞ്ഞു നിങ്ങൾ." "ഞാൻ പറഞ്ഞൊക്കുകില്ലെന്നു്. അപ്പോൾ എന്റെ നേരെ ഒരു നോട്ടം. എന്റെ തലയങ്ങു മരച്ചുപോയി. എനിക്കു പിന്നെ കുറച്ചുനേരത്തേക്കു് ഒന്നും അറിഞ്ഞുകൂടായിരുന്നു. സ്വാമി പിന്നെ എന്നോടു ഒരക്ഷരവും മിണ്ടിയില്ല. ഞാൻ അവിടെ അങ്ങനെതന്നെ അങ്ങു നിന്നു. അപ്പോൾ നമ്മുടെ പരമുപിള്ളസാർ എവിടെനിന്നോ കയറിവന്നു. അവർ രണ്ടാളും തമ്മിൽ എന്തൊക്കെയോ നിന്നെപ്പററി രഹസ്യമായി പറഞ്ഞു. പക്ഷെ ഒരക്ഷരവും എനിക്കു വ്യക്തമായിട്ടു കേൾക്കാൻ കഴിഞ്ഞില്ല. ആപ്പീസിലെ പ്യൂൺ ചായയും പലഹാരങ്ങളും കൊണ്ടുവന്നു. എനിക്കും ഒരു പാത്രം ചായ തന്നു. ആദ്യം ഞാൻ വേണ്ടെന്നുപറഞ്ഞു നിഷേധിച്ചു. എങ്കിലും പരമുപിള്ളസാറിന്റെ നിർബന്ധത്താൽ ഞാനും അവരുടെകൂടെ ഇരുന്നു ചായകുടിച്ചു "എന്താ ഗോവിന്ദൻനായരെ, താൻ ഉലക്കവിഴുങ്ങിയപോലെ ഒന്നുമില്ലാതെ നിൽക്കുന്നതു്" എന്നു ചോദിച്ചുകൊണ്ടു് പരമുപിള്ളസാർ എന്റെ തോളിനിട്ടൊന്നുകൊട്ടി. ഒരക്ഷരവും ഞാനതിനു മറുപടിപറഞ്ഞില്ല. ഇപ്പോം വരാമെന്നുപറഞ്ഞു് ഉടനെ സ്വാമി ഒരു റിക്ഷായിൽ കേറി എങ്ങോട്ടോ പോയി. പിന്നെ ഞങ്ങൾ രണ്ടാളും മാത്രമെ മുറിയിൽ ഉണ്ടായിരുന്നുള്ളു. "എടോ ഗോവിന്ദൻനായരെ, തനിക്കു വല്ല ബുദ്ധിനഷ്ടവുമുള്ള കാലമാണോ? സ്വാമിയെ എന്തുനാൾ വളച്ചതിന്റെ ഫലമാണു് തന്നോടുള്ള കാര്യം അദ്ദേഹം ഇന്നുപറഞ്ഞതെന്നു് തനിക്കറിയാമോ. മാസം പത്തായിരം രൂപ വരുമാനമുള്ള ഒരു വലിയ ആൾ—പോരാഞ്ഞും അവിവാഹിതൻ. ഇങ്ങനെയുള്ള ഒരു പച്ചപ്പുള്ളിയെ കൈവശം കിട്ടുകയെന്നുപറയുന്നതു വെറും ചേനക്കാര്യമോ മററോ ആണോ? അദ്ദേഹത്തിന്റെ കാരോടിച്ചാൽ കിട്ടുന്ന പതിനഞ്ചുരൂപകൊണ്ടു് താനെങ്ങനെ ഒരു കുടുംബം പുലർത്തും? എനിക്കുകിട്ടുന്ന പണം മുഴുവൻ ഞാൻ ഓമനയുടെ പേരിൽ ബാങ്കിലിടുകയാണു്. സ്വന്തമായിട്ടു ഒരു വസ്തുമില്ലാതെ വല്ലവരുടെയും സ്ഥലത്തു എത്രനാൾ പൊറുക്കും. നിങ്ങളുടെ കൂടെയുള്ള എന്റെ താമസത്തെപ്പററിത്തന്നെ പലരും ആക്ഷേപമായി ചോദിക്കുന്നുണ്ടു്. പക്ഷെ അതൊക്കെ ആരു വകവെക്കാനാണു്. ഓമന സ്വാമിയുടെ ജീവനാണു്. ഓമനയെ കാണാതെ ഒരൊററദിവസവും സ്വാമി ഉറങ്ങാറില്ല. ഇതുവല്ലതുമുണ്ടോ താനറിയുന്നു. അറിഞ്ഞാൽത്തന്നെ എന്തുചെയ്യാൻ കഴിയും. എത്രപവന്റെ ആഭരണമാണു് ഓമനയുടെ കഴുത്തിലും കയ്യിലും അരയിലുമായി കിടക്കുന്നതെന്നു് തനിക്കറിയാമോ? ഇതൊക്കെ എവിടുന്നാണെന്നു് താൻ അന്വേഷിച്ചിട്ടുണ്ടോ? ഉടനെതന്നെ ഒരു വസ്തു വിലയ്ക്കുവാങ്ങി കെട്ടിടം വെക്കാൻ സ്വാമി തീർച്ചപ്പെടുത്തിയിരിക്കയാണു്—വസ്തുവിനു് ആയിരം രൂപ അഡ്വാൻസു് കൊടുത്തുകഴിഞ്ഞു. അതും ഓമനയുടെ പേരിൽ. എടോ ഇതിന്റെ ഗുണം സ്വാമിക്കുതന്നെയാണോ? "ഇങ്ങനെ ഒരുപാട്ടുകഥകൾ പരമുപിള്ളസാർ എന്നോടു് നിർത്തില്ലാതെ പറഞ്ഞു."

"എന്നിട്ടാണോ ഇവിടെ വന്നു ഈ മരണവേദനയെല്ലാം കാട്ടിയതു്? കഷ്ടം നാണമില്ലല്ലോ."

ഓമനയുടെ ഈ ഹാസ്യാത്മകമായ ചോദ്യത്തിനു് ഉത്തരമെന്നപോലെ ഉത്തരത്തിലിരുന്നുകൊണ്ടു് ഒരു ഗൗളി പ്രതിഷേധസ്വരത്തിൽ "ഛീ, ഛീ" എന്നു ശബ്ദിച്ചു.

*     *     *     *

(II)

മുററത്തുള്ള തൈത്തമാവിൻ ചുവട്ടിൽ പ്രണയനാടകം കഴിഞ്ഞു വിശ്രമസുഖം അനുഭവിക്കുന്ന പിടക്കോഴിയുടെ അടുക്കൽ കാമസന്ദേശവുമായി വന്ന മറെറാരുപൂവൻകോഴിയെ ആത്മവല്ലഭനായിക്കഴിയുന്ന പൂവൻകോഴി വീറോടുകൂടെ കൊത്തിപ്പായിച്ചു തന്റെ പൗരുഷം ചില അവ്യക്തശബ്ദവിശേഷങ്ങളാൽ പ്രകടിപ്പിക്കുന്ന ഒരു രംഗം ഗോവിന്ദൻനായർക്കു് കാണാൻ കഴിഞ്ഞു.

അതു അയാളുടെ സിരകളിൽ തണുത്തു മരവിച്ചു കട്ടപിടിച്ചുപോയ രക്തത്തെ ഒന്നു ചൂടു

പാടിപ്പിച്ചു. ജീവിക്കാൻ തന്റെ ഭാര്യ തുറന്നിരിക്കുന്ന മാർഗ്ഗത്തിനു താൻ വിലങ്ങുതടിയായാലുള്ള ഭവിഷ്യത്തുകളെപ്പററി വിചാരിച്ചപ്പോൾ അയാളുടെ ചുട്ടുപാടിച്ച രക്തം പൂർവാധികം തണുത്തു. ഇരുന്നിടത്തുനിന്നു ബലമായി കണ്ണുംകാലും കൂട്ടിത്തെഴുന്നേററു് ആ നിസ്സഹായൻ കുറച്ചുസമയം ചിന്താഭാരത്താൽ തലകുമ്പിട്ടു മുററത്തുകൂടെ നടന്നു.

സ്വന്തം ഭാര്യ ജീവിക്കുന്നതിനുവേണ്ടി മറെറാരു പുരുഷന്റെ കളിപ്പാട്ടമാവുക. ഇതിന്റെ പരിണതഫലം കയ്പുരസം കലർന്നതാകാതെ തരമില്ല. പക്ഷെ പല നാളുകളായി അയാളുടെ ഗതികേടുകൊണ്ടുള്ള മൗനാനുവാദത്തെ ആശ്രയിച്ചാണു് ഓമന വഴി പിഴച്ചതു്. അതുകൊണ്ടുള്ള പാപവും അപമാനവും എത്രകണ്ടു വലുതാണെങ്കിലും അയാൾ സഹിക്കാൻ തയ്യാറാണു്. തനിക്കുള്ള ന്യായമായ സ്വതമായ അധികാരത്തേയും അവകാശത്തേയും കയ്യേററം ചെയ്യുന്നതിനു കരുത്തുള്ള രണ്ടു പ്രബലന്മാരുടെ നുകത്തിൻകീഴിൽ താനും തന്റെ ഭാര്യയും അകപ്പെട്ടുപോയതിലുള്ള ഭയമാണു് ഇന്നു് ആ സാധുമനുഷ്യനെ അസ്വസ്ഥചിത്തനാക്കിയിരിക്കുന്നതു്. ആത്മരക്ഷയ്ക്കുള്ള മാർഗ്ഗങ്ങൾ പലതും അയാൾ ആരാഞ്ഞു. പക്ഷെ അവയിലൊന്നും ഒരെത്തും പിടിയും കിട്ടിയില്ല. ശത്രുനിരോധനത്തിനു തന്റെ ബുദ്ധിശാലയിൽ പണിതീർക്കിയ എല്ലാ ആയുധങ്ങളും തന്നെ അപ്പാടെ വിഴുങ്ങുന്ന ദുർഭൂതങ്ങളായിട്ടാണു് അയാൾക്കു തോന്നിയതു്. ദുർബലനായ മനുഷ്യനെ ഇങ്ങനെയുള്ള സന്ദർഭങ്ങളാണു് ഉന്മത്തനാക്കുന്നതു്.

ഗോവിന്ദൻനായർ കലികേറി അലറിക്കൊണ്ടു് മുറിയ്ക്കുള്ളിലേക്കു മിന്നൽവേഗത്തിൽ പാഞ്ഞു. കണങ്കാൽവരെ ഓളംതല്ലിക്കിടക്കുന്ന തലമുടി സുഗന്ധദ്രവ്യങ്ങൾ പുരട്ടി ചീകിക്കെട്ടി റോസാപ്പൂക്കൾ ചൂടി മുഖത്തു പൗഡർ പൂശി കൈനിറയെ വളകളിട്ടു് നിലക്കണ്ണാടിയിൽനോക്കി സുസ്മേരവദനയായി നിൽക്കുന്ന ആ അഭിനവ വാസവദത്ത ആരെയോ പ്രതീക്ഷിച്ചുനിൽക്കുന്ന സന്ദർഭത്തിലാണു് തന്റെ ഭർത്താവു് മുഴക്കി വൃകനെപ്പോലെ അടുക്കലേക്കു് അലറിപ്പാഞ്ഞു വരുന്നതു്. അവൾ ഞെട്ടി "അയ്യോ" എന്നു നിലവിളിച്ചു രണ്ടടി പിറകോട്ടു മാറി. സ്വതേ മെലിഞ്ഞു വിവർണ്ണനും വിരൂപിയുമായിട്ടുള്ള ഗോവിന്ദൻനായർ അപ്പോൾ ഒരു പിശാചിനെപ്പോലിരുന്നു. ഏതോ ചില ഇടറിയ ശബ്ദങ്ങൾ മാത്രമാണു് അയാളിൽനിന്നും വെളിയിലേക്കു വന്നതു്. ശരീരത്തെ ബാധിച്ച വിറയലുനിമിത്തം കാൽമുട്ടുകൾ തമ്മിൽ കൂട്ടിയടിച്ചുകൊണ്ടിരുന്നു. അലമാരിയിൽ അലക്കിത്തേച്ചുവച്ചിരുന്ന കസവുവേഷ്ടികളും മധുരപ്പട്ടാവുകളും ഉടുപ്പുകളും ആ വികാരവിവശൻ വലിച്ചെടുത്തു് ഒടിച്ചുമടക്കി വെളിയിലിട്ടു. അതിന്റെ മുകളിൽ കയറിനിന്നു് ഒരു കാമരത്തേപ്പോലെ തുള്ളിച്ചാടി. അതുകൊണ്ടും കലിയടങ്ങാതെ അയാൾ നിലത്തുറച്ചിരുന്നു് തീപ്പെട്ടിയുരച്ചു. "എടാ ശങ്കുവയ്യരേ, നിന്റെ കസവുനേരിയതും ഡബിൾവേഷ്ടിയും. ഇതു ഞാൻ ചുട്ടുചാമ്പലാക്കി നിന്നെ തോല്പിക്കും. ഇതു നിന്റെ ദഹനമാണെന്നു കരുതിക്കോ." തൊണ്ടയ്ക്കു ആരോ കുത്തിപ്പിടിച്ചതുപോലെ ഇടറിയതും പതറിയതുമായ പരുഷശബ്ദത്തിൽ ഇങ്ങനെ ജല്പിച്ചുകൊണ്ടു് ആ ദുർബലഹൃദയൻ തന്നെ നോക്കി ചിരിക്കുന്ന ശുഭ്രവസ്ത്രങ്ങൾക്കു തീകൊളുത്തി. പണത്തിന്റെ പ്രതാപം കത്തിജ്വലിച്ചു. പാപത്തിന്റെ പാഴ്ക്കറയെന്നപോലെ പരന്ന പുകച്ചുരുളുകൾ അവിടെങ്ങും കരിനിഴൽ വീശി. "ഭ്രാന്തൻ ഭ്രാന്തൻ" എന്നു പറഞ്ഞു് അവൾ നെഞ്ചത്തടിച്ചു ഉച്ചത്തിൽ നിലവിളിച്ചു. ഗോവിന്ദൻനായർ ഒരു ദുർഭൂതത്തെപ്പോലെ തീപ്പൊരി ചിതറുന്ന കണ്ണുകൊണ്ടു തുറിച്ചുനോക്കി പൊട്ടിച്ചിരിച്ചു. പലയിടത്തുനിന്നും ജനങ്ങൾ ഈയലുകൾപോലെ അവിടേക്കൊഴുകി. ഒരു കയ്യിൽ തന്നേക്കാൾ പ്രായം തോന്നിക്കുന്ന ശീലക്കുടയും മറുകയ്യിൽ വയറുകീറി തുന്നിപ്പിടിപ്പിച്ചിട്ടുള്ള സഞ്ചി നിറയെ സമാനങ്ങളുമായി പരമുപിള്ളയും പതിവുപോലെ ഹാജർകൊടുത്തു. ചിലർ ചിരിക്കുകയും 'പുലഭ്യം' പറയുകയും ചെയ്തു കൃതാർത്ഥതയുടെ ഉൽഗാരം വിടുന്നു. മററു ചിലരാവട്ടെ വിരസത നടിച്ചു വന്നതുപോലെ തിരിച്ചുപോകുന്നു. പരമുപിള്ളയുടെ കരിനിഴൽ പടിക്കൽ കണ്ടപ്പോഴാണു് ആ ഭർത്തൃമതിയ്ക്കു നേരേ ശ്വാസം വീണതു്.

"എന്റെ ഓമനേ ഇവിടെ എന്തുണ്ടായി" ഈ സംഭ്രമാന്വിതമായ ചോദ്യവുമായിട്ടാണു് പരമുപിള്ള ഓമനയെ സമീപിച്ചതു്. ചെകുത്താന്റെ ബീഭത്സത മായാത്ത മുഖമുയർത്തിപ്പിടിച്ചുകൊണ്ടു് ഗോവിന്ദൻനായർ പറഞ്ഞു:—"എനിക്കു ഭ്രാന്താണെന്നു്. എന്റെ മനസ്സിലെ വിഷമത എനിക്കല്ലേ അറിയാവൂ. ഇന്നലെ ഈ തേവിടിശ്ശി എന്നോടു പറയുന്നു വെളിയ്ക്കു കിടന്നു കൊള്ളാൻ—ഇനിയും ഇങ്ങ

ന്നെ മുമ്പോട്ടു പോയാൽ ഇവളെന്റെ കഥകഴിയ്ക്കും." ഇത്രയും ഗോവിന്ദൻനായർ പറഞ്ഞുതീരുന്നതിനു മുമ്പ് അവൾ വികാരവിജൃംഭിതയായി ഇങ്ങനെ അലറി. "ഭ്രാന്തൻ, നാണംകെട്ട നായ്. ഞാൻ പറഞ്ഞില്ലേ ഈ പടിക്കകത്തു കാലുകുത്തിയാൽ മുട്ടുതല്ലി ഒടിക്കുമെന്ന്. പിന്നെയും നാണമില്ലാതെ പട്ടിയെപ്പോലെ വാലുമാട്ടിക്കൊണ്ടു വന്നു് എന്റെമേൽ അധികാരം ഭരിക്കുന്നു."

ഇപ്പോൾ ഇവിടെ നിന്നിറങ്ങിത്തരണം. ഈ ദ്രോഹി ഒരുത്തൻ കാരണം എത്രയാളുകൾ അവിട്ടുന്നിവിടുന്നു കയറിവന്നു. കുറച്ചിലായില്ലേ; ആ സ്വാമിക്കു തന്നെ എന്തു തോന്നും. വല്ലതും തരുന്നതു കഴിച്ചുകൊണ്ടു് വല്ലിടത്തും വെറുതെ കിടന്നാലെന്താ?" തലമരപ്പിക്കുന്ന അവളുടെ ശകാരശരവർഷവും അതിന്റെ ഭീകരതയെ പതിന്മടങ്ങു് വർദ്ധിപ്പിക്കുന്ന ഇടിമിന്നലിനൊത്ത നോട്ടവും കണ്ടു് ഇതികർത്തവ്യതാമൂഢനായ ഭർത്താവ് ഇടയ്ക്കിടയ്ക്കു് വീർപ്പുമുട്ടലോടെ തെട്ടുകയും ഞെളിപിരികൊള്ളുകയും ചെയ്തുകൊണ്ടിരുന്നു. "കശപിശ"കളും ബഹളവും ഒതുക്കിത്തീർത്തില്ലെങ്കിൽ ഭാവി ദോഷമാകുമെന്നു കരുതി ക്രൂർമ്മബുദ്ധിയും നയവഞ്ചകനുമായ പരമുപിള്ള മുള്ളിനും ഇലയ്ക്കും കേടുവരാത്തവണ്ണം ഇടയ്ക്കുകയറിപ്പറഞ്ഞു. "പോട്ടെ, കുറച്ചാൽ, ഇനിയെങ്കിലും ആരും അറിയേണ്ട. നീയൊന്നു ഇമ്മാതിരി ഓമനെ പുള്ളിക്കു നല്ല സുഖമില്ലാഞ്ഞിട്ടല്ലേ? ഇന്നു തന്നെ പൊയ്ക്കളയാം. ആ പ്രശ്നക്കാരന്റെ അടുക്കൽ."

"അയ്യോ എനിക്കു കിറുക്കാണെന്നു പറയുകയാണോ? എനിക്കങ്ങനെയൊന്നും ഇല്ല." തന്നെ തടിയിലിടേക്കുമെന്നുള്ള ഭയത്താൽ ഗോവിന്ദൻനായർ സംഭ്രമത്തോടെ സ്വന്തം നില വിശദമാക്കി.

"അങ്ങനെയല്ല ഗോവിന്ദൻനായരെ; ഒരെട്ടുപത്തു കൊല്ലം മുമ്പ് എനിക്കും ഇങ്ങനെയൊരിളക്കം ഉണ്ടായതാണ്. ഞാനും അന്നു സമ്മതിച്ചില്ല സുഖക്കേടാണെന്ന്. ഒടുവിൽ ഭാര്യയുടെ സഹോദരനും മററു മൂന്നാലു തകിലുമുട്ടന്മാരും കൂടി എന്റെ കയ്യും കാലും കൂട്ടിക്കെട്ടി ഒരു വലിയ കെട്ടുവള്ളത്തിലിട്ടുകൊണ്ടാണു് "തിരുവഴാ"യ്ക്കുകൊണ്ടുപോയി ഛർദ്ദിപ്പിച്ചതു്. തേക്കാതെ ക്ലാവുപിടിച്ചു കറുത്തു പിടച്ച ഒരു ഓട്ടുകിണ്ടിയിൽ ഏതോ കാട്ടില ഇടിച്ചുപിഴിഞ്ഞ ഒരിരുനാഴി വഴവഴപ്പൻ നീരു് ഇങ്ങുതരും. ആളു കണ്ണടച്ചു മൂക്കുംപൊത്തി പല്ലിലും ഉണ്ടിലും മുട്ടാതെ അങ്ങു വിടേക്കണം. കുത്തിനാളിൽ കുടിച്ച മുലപ്പാലുവരെ ഛർദ്ദിക്കും. അപ്പോഴെ തലയ്ക്കു വെളിവുകിട്ടും. അത്ഭുതമാണു് അവിടുത്തെ കാര്യം. അപ്പോഴെ, രാത്രിയിൽ നല്ല ഉറക്കമുണ്ടോ?" തനിക്കു ഭ്രാന്താണെന്നു സ്ഥിരപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരമുപിള്ളയുടെ പഴയകഥകളും ചോദ്യവും കൂടി കേട്ടപ്പോൾ ഗോവിന്ദൻനായർ കള്ളുകുടിച്ച കുരങ്ങനെപ്പോലെയായി. വിചാരവികാരങ്ങളാൽ പല ഗോഷ്ടികളും കാട്ടിത്തുടങ്ങി. അയാൾ ഇരിക്കുകയും ഉടനെ തന്നെ എഴുന്നേൽക്കുകയും അങ്ങോട്ടും ഇങ്ങോട്ടും ആലോചനയിൽ മുഴുകി നടക്കുകയും ചെയ്തു. ഇടയ്ക്കു വിഷാദക്കാറു കേറി മുഖം ഇരുളുകയും മഴപോലെ കണ്ണുനീർ വർഷിക്കയും ചെയ്തു. പൊട്ടന്മാരെ, തന്നെ ഭ്രാന്തനാക്കിയ കഥയോർത്തു ആ പരമദുഃഖൻ ഉച്ചത്തിൽ ചിരിച്ചു. പക്ഷെ അതെല്ലാം ഗോവിന്ദൻനായർക്കു് മുഴുക്കിറുക്കാണെന്നു് സ്വന്തം ഭാര്യയെക്കൊണ്ടും പരമുപിള്ളയെക്കൊണ്ടും ബലമായി വിധി എഴുതിച്ചു. അയാൾ പറയുന്ന ഓരോ വാക്കും സ്ഥിരതയോടുകൂടി പറയുന്നതല്ലെന്നു് ഒരു വിദഗ്ദ്ധവൈദ്യനെപ്പോലെ പരമുപിള്ള സ്ഥാപിച്ചു. വല്ലതും പറഞ്ഞെങ്കിലേ കിറുക്കാകയുള്ളുവെന്നു കരുതി ഗോവിന്ദൻനായർ തൽക്കാലത്തേക്കു മൗനം കൈക്കൊണ്ടു. മൗനവും ഭ്രാന്തിന്റെ ഒരു ലക്ഷണമാണെന്നാണു് പരമുപിള്ളയുടെ വാദം. "എന്തായാലും സ്വാമിവന്നിട്ടു് ബാക്കികാര്യം" ഓമന അഭിപ്രായപ്പെട്ടു. പരമുപിള്ള അതിനെ പിന്താങ്ങി

അനീതിയുടെ അരങ്ങേററത്തിനുള്ള പ്രാരംഭ ചടങ്ങായി പ്രകൃതി ഇരുളിന്റെ യവനിക ഇട്ടു കഴിഞ്ഞു. ഏതോ ഒരനിഷ്ട സംഭവത്തിന്റെ നാന്ദിയെന്നപോലെ അയാളുടെ ഹൃദയത്തിൽ ഭയസംഭ്രമങ്ങൾ കടുന്തുടി കൊട്ടി. മനഃസാക്ഷി ആ അശരണനെ ഉൽബോധിപ്പിച്ചു സ്ഥലം വിട്ടുകൊള്ളാൻ.

അയാൾ ഇരുളിന്റെ ആഗാധതയിലൂടെ തപ്പിത്തടഞ്ഞു് മുന്നോട്ടു നീങ്ങി. കോഴിപിടിക്കാനിറങ്ങിയ കുറുനരികൾ ആക്ഷേപസ്വരത്തിൽ ഓരിയിട്ടു. മരക്കൊമ്പിലിരുന്ന മിന്നാമിനുങ്ങുകൾ ആ ആലംബഹീനനു് കണ്ണുകണ്ടു പോകാൻ അനുപദം "ടോർച്ച"ടിച്ചുകൊണ്ടിരുന്നു.

—o—

# ജൂപ്പിററർ പദപ്രശ്നം

1) — ട്ട — തിരുവിതാംകൂറിലെ ഒരു സ്ഥലനാമം.
2) — — ടം. ഒരു നക്ഷത്രം.
3) —ണ്ണ്. നന്നാക്കിയാൽ നന്നാവും.
4) — — മശി, പക്ഷങ്ങളിൽ ഒന്നു്.
5) വ — യാത്രയ്ക്കു വളരെ സഹായമാണ്.

ഒരു — ഡാഷിനു് ഒരക്ഷരം വീതം ഉപയോഗിച്ചു് പൂരിപ്പിക്കണം.

ആദ്യത്തെ ഉത്തരത്തിനു് 8 ണ. പിന്നീടുള്ള ഓരോ ഉത്തരങ്ങൾക്കും 4 ണ. ...നം, വെള്ളക്കടലാസ്സിൽ എഴുതിയയച്ചാൽ മതിയാകും.

ഡിസംബർ 30-ാംനു- വരെയുള്ള ഉത്തരങ്ങൾ സ്വീകരിക്കും. ജനുവരി 8-ാംനു-...ല ചിത്രോദയത്തിൽ ഉത്തരം പരസ്യം ചെയ്യുന്നതായിരിക്കും.

...ംസമ്മാനം **150** ക. രണ്ടാംസമ്മാനം **50** ക. മൂന്നാംസമ്മാനം **25** ക.

...സിൽ വച്ചു സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തോടു ശരിയായി ഉത്തരം കിട്ടുന്നവൎക്ക് ...സമ്മാനം. ഒരു തെററുകാൎക്കു രണ്ടാംസമ്മാനം. രണ്ടുതെററുകാൎക്കു മൂന്നാംസ...ം. ഒരു സമ്മാനത്തിനു ഒന്നിലധികം സമ്മാനാൎഹരുണ്ടെങ്കിൽ തുക സമമായി ...ം.

ജൂപ്പിററർ പദപ്രശ്നം, കോട്ടയം.

---

## ചിത്രോദയം

...രോഗമനപരമായ ആശ...ങ്ങൾ പ്രചരിപ്പിക്കുന്ന

മലയാളത്തിലെ

ഏകവാരിക.

...സംഖ്യ അഞ്ചലിലും, തപാലിലും.

3 മാസത്തേക്കു് 2 രൂപാ

6 മാസത്തേക്കു് 3½ രൂപാ

ഒററപ്രതി കളരിക്കൽ ബസ്സാറ് ...ാഷണൽ ബുക്കു്സ്റ്റാളിൽ കിട്ടും.




Manufactured by

**G. V. PHARMACY,**
*Ettumanoor,*
*Travancore.*

Printed and Published by P. J. Joseph at the Powra Prabha Press Kottayam

REG. T. 7 Licence No. 566 Dated 1st March 1959

# CHITRODAYAM KOTTAYAM.

ഡിസംബർ 23-ാം൹ പ്രസിദ്ധപ്പെടുത്തും 2000 പ്രതികൾ മാത്രം.
1678 പ്രതികൾ ബുക്കുചെയ്തു കഴിഞ്ഞു.

അടക്കളത്തിൽ വീരമൃത്യു വരിച്ച

## "കേരളത്തിൻെറ വീരപുത്രൻ"

### ജ: മുഹമ്മദ് അബ്ദുറഹമാൻ സാഹേബിൻെറ

ചോർ വീഴ്ത്തും ത്രസിപ്പുന്ന ജീവിതത്തിലെ രക്തം തിളപ്പിക്കുന്ന അദ്ധ്യായങ്ങൾ ഹൃദയത്തിൻെറ ഭാഷ സമുജ്ജ്വലമായ പ്രതിപാദനം!!

ഒരു സഹപ്രവർത്തകൻ.

### ശ്രീ: വി. എസ്സ്. കേരളീയൻെറ തൂലികയിൽ കൂടി

### മഹാകവി വള്ളത്തോൾ പറയുന്നു:

"...'കേരളത്തിൻെറ വീരപുത്രനെ' ആരാണാരാദരിക്കാതിരിക്കുക?.."

കമനീയമായ ആകൃതി **വില ഒരുറുപ്പിക.** 100-ൽ പരം [illegible]

[illegible]ചാരികൾ:
സി. കെ. പണിക്കർ,
[illegible]ങ്ക് റോഡ്, കോഴിക്കോട്.

കൊച്ചിൻസ്റ്റേറ്റിൽ
വിജയ പ്രിൻറിംഗ് & പബ്ലിഷിംഗ് ഹൗസ്, ഇരിങ്ങാലക്കുട.

## ശാസ്ത്രഗ്രന്ഥങ്ങൾ.

**കാമസൂത്രം** (രണ്ടാം പതിപ്പ്)

(വാത്സ്യായന [illegible] വ[illegible]ാക്കം) [illegible]

കണക്കറിയാത്ത കണക്കനും, ഔഷധനിദാനം അറിയാത്ത വൈദ്യനും, കാമസൂത്രം പഠിച്ചിട്ടില്ലാത്ത യുവതീയുവാക്കളും ഒന്നുപോലെന്നാണ് വാത്സ്യായനമഹർഷി പറയുന്നത്. ദാമ്പത്യജീവിതം വിജയപ്രദമാകണമെങ്കിൽ കാമസൂത്രം വായിക്കണം.

വില രൂ. 2 ണ. 8

**ഹസ്തരേഖാശാസ്ത്രം** (രണ്ടാം പതിപ്പ്)

[illegible]റോയുടെ Language of the Hand എന്ന ഗ്രന്ഥത്തിൻെറ [illegible] [illegible] ഭാഷയായി സ്വീകരിച്ചിരിക്കുന്നവക്കും [illegible] [illegible]ർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന മലയാളത്തിലെ ഏകഗ്രന്ഥം ഒററപ്പ[illegible] വില [illegible]ഷണൽ

പൗരപ്രഭ ബുക്കുഡിപ്പോ, കോട്ടയം-തി[illegible]

[illegible]rinted and [illegible]